VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1985-ലെ കേരള ധനകാര്യ ബിൽ—തുടർച്ച

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുകയാണ്. ഇതിനെ എതിർക്കാൻ ഉള്ള കാരണങ്ങളെ സംബന്ധിച്ച് ഇതിന്റെ ഡിസെൻഡിങ്ങ് നോട്ടിൽ ഞങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ നിയമം ഭേദഗതി ചെയ്യുന്നത് പ്രധാനമായും നാല് നിയമങ്ങളെയാണ് ; സ്റ്റാമ്പ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ആക്ട്, സെയിൽസ് ടാക്സ് ആക്ട്, അഡീഷണൽ സെയിൽസ് ടാക്സ് ആക്ട്. ഇതിൽ 7-ാം വകുപ്പിൽ ഉള്ളടക്കത്തെപ്പറ്റിയിരിക്കുന്നത്. Additional Sales Tax : "..... for the words fifteen per cent', the words 'twenty per cent' shall be substituted".....

ഈ ഒരു വകുപ്പു പ്രകാരം Sales Tax Act II Schedule-ൽപ്പെടുന്ന എല്ലാ item ത്തിനും 15% ത്തിൽ നിന്ന് 20% Tax ആകും. എല്ലാ ഐറ്റങ്ങൾക്കും ടാക്സ് വർദ്ധിക്കും. ഈ Second Schedule-ൽ സാധാരണക്കാർ ഉപയോഗിക്കുന്ന items ആണ് കൂടുതൽ. മുൻപ് 4%, 5.5 to 6% എന്ന തരത്തിലായിരുന്ന വർദ്ധന 15 ശതമാനവും അതിനുശേഷം 20 ശതമാനവുമായി. ഒറ്റയടിക്കു Tax വർദ്ധിപ്പിച്ചതാണ്. സാധാരണക്കാർ വാങ്ങുന്ന നിത്യോപയോഗ സാധനങ്ങൾക്ക് കേന്ദ്ര ബഡ്ജറ്റുപ്രകാരം വില കൂടി. ഈ Taxation പ്രകാരം സംസ്ഥാനത്തിന്റെ വിഹിതം കൂടുകയാണ്. Sales Tax വരവിനത്തിന്റെ 5/1 ഭാഗം Additional Sales ഇനത്തിലാണ്. സാധാരണക്കാരനു താങ്ങാൻ പറ്റാത്ത ഒരു നടപടിക്രമമായിട്ടാണ് ഇത് വന്നത്. സാധാരണനിലയിൽ ടാക്സ് ഈടാക്കുന്നതിന് ചില വ്യവസ്ഥകൾ വേണം. Tax സാധാരണക്കാരനെ ബാധിക്കും. ബാധിക്കുന്നവന് കൊടുക്കാൻ കഴിവുണ്ടോ എന്നൊന്നും നോക്കുന്നില്ല. പണക്കാരനേയും Luxury goods നേയും വിട്ടു പാവപ്പെട്ടവരെയാണ് കൂടുതൽ ബാധിക്കുന്നത്. മോട്ടോർ വെഹിക്കിൾസ് ടാക്സേഷനെപ്പറ്റി പറയാം. സാധാരണനിലയിൽ പറഞ്ഞാൽ റോഡ് നന്നാക്കിക്കൊടുക്കുന്നതിനും വണ്ടി ഓട്ടം സൗകര്യപ്പെടുത്തുന്നതിനുമാണ് വാഹനങ്ങളിൽനിന്ന് നികുതി പിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുടനീളമുള്ള റോഡുകൾ ഇന്ന് പൊട്ടിത്തകർന്ന് കിടക്കുകയാണ്. സാധാരണനിലയിൽ പറയുകയാണെങ്കിൽ ഈ സ്ഥിതിയിൽ ഒരു വെഹിക്കിൾസിനും ടാക്സ് പിരിക്കാൻ ഗവൺമെന്റിന് അവകാശമില്ല. വണ്ടി ഓടാൻ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാതെ ടാക്സ് പിരിക്കാൻ അവകാശമില്ല. ഇവിടെ പലരും സംസാരിച്ചപ്പോൾ പറഞ്ഞു, ബഡ്ജറ്റ് പാസായിരിക്കുന്നു എന്ന്. ബഡ്ജറ്റ് പാസായാൽ ഉടൻ നടത്തുന്നതിന് ആവശ്യമായിട്ടുള്ള തുകയെന്ന നിലയിൽ ആയിരം കോടി രൂപ ഉണ്ടാകേണ്ടിയിരിക്കുന്നു. ആയിരം കോടി രൂപയുണ്ടാക്കാൻ ഈ ബില്ലു പാസായേ പറ്റൂ എന്ന് പറഞ്ഞു. ടാക്സേഷനെ സംബന്ധിച്ച് ഒരു നയം വേണമെന്ന അഭിപ്രായമുണ്ട് ഞങ്ങൾക്ക്. കൂടുതൽ tax ചുമത്തുന്നത്, അത് താങ്ങാൻ കഴിയുന്ന ആളുകളുടെ മേൽ ആയിരിക്കണം. അല്ലാത്ത പാവപ്പെട്ട വിഭാഗങ്ങളുടെ മേൽ ടാക്സ് ചുമത്താൻ പാടില്ല. ഈ നിയമത്തിലെ Taxation മിക്കവാറുമുള്ള ഐറ്റങ്ങൾ എടുത്തുനോക്കുകയാണെങ്കിൽ അതു താങ്ങാൻ കഴിയാത്ത ആളുകളുടെ മേലാണ് ചുമത്തിയിരിക്കുന്നത് എന്നു കാണാൻ കഴിയും. അതാണ് സെയിൽസ്ടാക്സ് ആക്ട്. അഡീഷണൽ സെയിൽസ്ടാക്സ് ആക്ടിന്റെ ഭേദഗതി എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

20 ശതമാനം എന്നു വരുകയാണെങ്കിൽ ഷെഡ്യൂളിൽ വരുന്ന കൺസംപ്ഷൻ ആർട്ടിക്കിൾസ്, ഫുഡ് ആർട്ടിക്കിൾസ് ഇങ്ങനെയുള്ള സാധനങ്ങൾക്കും യാൺ, ചാക്ക് മുതലായവ കൊണ്ട് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്കും വില കൂടും. കോട്ടൺ, യാൺ, ഫുഡ് ആർട്ടിക്കിൾസ്, കൺസ്ട്രക്ഷൻ മെറ്റീരിയൽസ് ഈ വിധത്തിലുള്ള സാധനങ്ങൾക്ക് ടാക്സ് വർദ്ധിക്കും. ഇതു സാധാരണക്കാരനെ ബാധിക്കത്തക്ക വിധത്തിലാണ്. അതുകൊണ്ട് അമെൻഡ്മെൻറ് ടു ദി ആക്ട് 1978, 7-ാം വകുപ്പ് എടുത്തു കളയണം.

സെയിൽസ് ടാക്സ് ആക്ടിനെ സംബന്ധിച്ച് പറയാം. അത് ആദ്യം നടപ്പിലാക്കിയത് പ്രൊഹിബിഷൻ നടപ്പിലാക്കാൻ പോകുന്നു ആ വരവ് നിന്നുപോകുന്നത് നികത്താനായിരുന്നു. ഇന്ന് നമുക്ക് പ്രൊഹിബിഷനില്ല. പ്രൊഹിബിഷൻ കൊണ്ട് നമ്മുടെ സംസ്ഥാനത്തിനു വരുന്ന നഷ്ടം മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് സെയിൽസ് ടാക്സ് ആക്ട് കൊണ്ടുവന്നത്. ഇന്നു നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ വരുമാനം സെയിൽസ് ടാക്സാണ്. ആ നിലയിൽ അത് എടുത്തുകളയണമെന്നല്ല ഞാൻ പറയുന്നത്. അങ്ങനെ വന്നാൽ ഗവർമെൻറിന് നിലനിൽക്കാൻ കഴിയുകയില്ല. ആളുകളുടെ മേൽ ടാക്സ് ചുമത്തുമ്പോൾ അത് താങ്ങാൻ പറ്റുന്ന വിഭാഗമാണോ എന്നു നോക്കിവേണം നടപ്പിലാക്കാൻ, ഈ നിയമനിർമ്മാണം മൂല, നമ്മുടെ നാട്ടിലുള്ള ഫുഡ് ആർട്ടിക്കിൾസിനും തുണിക്കും വാങ്ങുന്ന നിരവധി സാധനങ്ങൾക്കും നൂലിനും മറ്റ് സാധനങ്ങൾക്കും വില കൂടിവരാൻ സാദ്ധ്യതയുണ്ട്. കൺസ്ട്രക്ഷൻ നടക്കുന്ന വീടുകൾക്ക് സാധനങ്ങൾക്കും ബാക്കിയുള്ളതിനും വില കൂടിവരുന്നതുകൊണ്ട് ഈ 7-ാം വകുപ്പ് എടുത്തുകളയേണ്ടതാണ്. ഇത് സാധാരണക്കാരനെ ബാധിക്കുന്നതാണ്. അത്തരത്തിൽ അത് ദ്രോഹകരമായിട്ടുള്ളതാണ്.

അതുപോലെ തന്നെ സ്റ്റാമ്പ് ആക്ടിനെപ്പറ്റി പറയാം. സ്റ്റാമ്പാക്ടിനു ഭേദഗതികൾ കുറേക്കാലമായി വന്നിട്ടില്ല. ഇതിൽ ഭേദഗതി വരുത്തുന്നതിന് നമുക്ക് വിരോധമില്ല. പക്ഷേ ഇതിൽ വരുത്തുന്ന ഭേദഗതി ഡിസ് പ്രൊപ്പോർഷനേറ്റായിട്ടുള്ള ഭേദഗതിയാണ്. Stamp Act നെ സംബന്ധിച്ച് വരുത്തിയിരിക്കുന്ന ഭേദഗതികൾ ആർട്ടിക്കിൾ 4 അഫിഡെവിറ്റിനാണ്. 5 രൂപയുണ്ടായിരുന്നത് പെട്ടെന്ന് 10 രൂപയാക്കുകയാണ്. സാധാരണ നിലയിൽ കോടതിയിൽ കൊടുക്കുന്ന അഫിഡെവിറ്റിന് Stamp duty ബാധകമല്ല. അത് അൽപ്പം താമസിച്ചുപോയാൽ ഇമ്മീഡിയേറ്റായിട്ട് കൊടുക്കുന്ന അഫിഡെവിറ്റിനു മാത്രമേ സാറ്റാമ്പ് ഡ്യൂട്ടി ഉള്ളൂ, അത് അൽപ്പം താമസിച്ചുപോയാൽ അതിന് പത്തുരൂപ കൊടുക്കണം. എന്നിക്ക് ജനനതീയതിയെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് കിട്ടണമെങ്കിലോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കിട്ടണമെങ്കിലോ അഫിഡെവിറ്റ് കൊടുക്കണം. ഒരു പർട്ടിക്കുലർ ഫാക്ട് തെളിയിക്കുന്നതിനു ഒരാഫീസറുടെ മുൻപിൽ അപേക്ഷയോടൊപ്പം affidavit കൊടുക്കുന്നതാണ്. ഒരു റേഷൻകാർഡ് വേണമെങ്കിലോ റേഷൻകാർഡിൽ നിന്ന് പേര് വെട്ടണമെങ്കിലോ വേറെയെന്തെങ്കിലും കാര്യത്തിനാവശ്യമായ സർട്ടിഫിക്കറ്റ് കിട്ടണമെങ്കിലോ ഞാൻ അഫിഡെവിറ്റ് കൊടുക്കണം. ഇപ്പോൾ പഴയതിനേക്കാൾ കൂടുതൽ ആളുകൾ ഓഫീസുകളുമായിട്ട് ബന്ധപ്പെട്ടു നിൽക്കുന്നുണ്ട്. ഇന്ന് പത്തുരൂപയാണ് കൊടുക്കേണ്ടത്. ഇത് ഡിസ്പ്രൊപ്പോർഷനേറ്റാണ്. എവിടെയാണ് കൂടേണ്ടത്, ഏത് ഐറ്റത്തിനാണ് കൂട്ടേണ്ടത് എന്നറിയില്ല. ടാക്സിനെ സംബന്ധിച്ച് പറയുമ്പോൾ അതിന്റെ എക്സ്ട്രാക്ട് എടുക്കാം. സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തിയിരിക്കുന്നത് 4, 5, 10, 23, 36, 43 ഈ വകുപ്പുകൾക്കാണ്. ഇന്നത്തെ നിലയിൽ ഗവൺമെൻറിന്റെ പ്രഖ്യാപിത

LIBRARY ARCHIVES Kerala Legislative Assembly

നയത്തിനെതിരായിട്ടുള്ള Taxation ആണ് ഈ Stamp Act ഭേഗതി കൊണ്ടു നടപ്പാകുന്നത്. മുഖ്യമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ ജീവിതനിലവാരത്തിനു താഴെയുള്ള ആളുകളെ ഉയർത്തുന്നതിന്, വേണ്ട നടപടികൾ എടുക്കുമെന്ന് പറഞ്ഞു. അതിന് രണ്ടായിരമോ മൂവായിരമോ രൂപ കൊടുക്കണമെന്നു പറഞ്ഞു. ഇന്നത്തെ നിലയിൽ രണ്ടായിരമോ മൂവായിരമോ രൂപ കൊടുത്താൽ എങ്ങനെ അത് സാധിക്കും. ഒരു പാർട്ട്ണർഷിപ്പ് ഉണ്ടാക്കിയാൽ ആയിരം രൂപയിൽ കൂടുതൽ ടാക്സ് കൊടുക്കേണ്ടി വരും. അതാണ് സ്ഥിതി. ഗവൺമെൻറ് സഹായം കൊണ്ട് കുടുംബരക്ഷണം നടത്താൻ പറ്റാത്തക്കുകയാണ്.

സർ, ഇതിൽ 43-ാം ഭേഗതി നോക്കുകയാണെങ്കിൽ ഗവൺമെൻറ് അനുവർത്തിക്കാൻ പാടില്ലാത്ത, ജനങ്ങൾക്ക് കൂടുതൽ ദ്രോഹവും ബുദ്ധിമുട്ടും ഉണ്ടാക്കുന്ന നടപടിക്രമങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് ഡിസ് പ്രൊപ്പോഷണേറ്റായിട്ടുള്ള ടാക്സാണ്. സാധാരണനിലയിൽ പറയുകയാണെങ്കിൽ പാവപ്പെട്ടവരെ ബാധിക്കത്തവിധം കൊണ്ടുവന്നിട്ടുള്ള ടാക്സാണ് ജനജീവിതം കൂടുതൽ ദുസ്സഹമാക്കത്തക്ക വിധത്തിലാണ് ഈ സ്റ്റാമ്പ് ആക്ടിന്റെ ഭേഗതികൾ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ റോഡുകളും മറ്റും തകർന്നു കിടക്കുമ്പോൾ ഗവൺമെൻറ് എന്ന നിലയിൽ ആ പുനരുദ്ധാരണം നിർവ്വഹിക്കാതെ മോട്ടോർ വെഹിക്കിൾസിനും മറ്റും കൂടുതൽ ടാക്സ് ഈടാക്കുന്നത് ജനദ്രോഹകരമാണ്. അതുകൊണ്ട് ഈ നിയമം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഈ നിയമത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ടി. കുമാരൻ : സർ, സാമ്പത്തികമായി ഈ സംസ്ഥാനം പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു എന്നു ധനകാര്യമന്ത്രി ശ്രീ. മാണി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്രസഹായം കൂടാതെ ഇവിടെ യാതൊന്നും ചെയ്യാൻ കഴിയുകയില്ലെന്ന് ധനകാര്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പ്രതിദിനം 60 ലക്ഷം രൂപ കമ്മിയായിട്ടുള്ള ഒരു ഭരണമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനുണ്ടായ ഈ തകർച്ചയുടെ പ്രധാന കാരണത്തിൽ നിന്ന് ശ്രീ. മാണിക്ക് ഒഴിഞ്ഞുനിൽക്കാനാവില്ലെന്നു ധനതത്വശാസ്ത്രജ്ഞനായ ശ്രീ. ഗോപാലകൃഷ്ണനും കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. സി. വി. പത്മരാജനും വ്യക്തമാക്കുകയുണ്ടായി. ചില മേഖലകളിൽ വിഭവസമാഹരണം നടത്താത്തതിന്റെ ഫലമായിട്ടാണ് ഇത്തരത്തിൽ കമ്മി വന്നിട്ടുള്ളതെന്ന് ശ്രീമാൻ സി. വി. പത്മരാജൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഗവൺമെൻറിന് യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. വികസന പ്രവർത്തനങ്ങൾ യാതൊന്നും നടക്കുന്നില്ല. ഇതിൽ ധനകാര്യ മന്ത്രിക്ക് ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ലെന്നും ശ്രീ. പത്മരാജൻ പറയുന്നു. പ്രകൃതിക്ഷോഭംമൂലം ഉണ്ടായ കെടുതികൾക്ക് കേന്ദ്രസഹായം കിട്ടുമെന്നു പറഞ്ഞു. കേന്ദ്രസഹായം കിട്ടണമെന്നുണ്ടെങ്കിൽ അവിടുന്നു കിട്ടുന്ന തുകയുടെ 25 ശതമാനം നമ്മൾ ഇവിടെ ചെലവഴിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തികമായി വളരെയധികം ശോഷിച്ചു നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. കേന്ദ്ര സഹായം കിട്ടാതെ സംസ്ഥാന ഗവൺമെൻറിന് സാമ്പത്തികമായി ഒന്നും ചെയ്യാൻ കഴിയാത്ത പരിതഃസ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇവിടെ ആ തുക ഉണ്ടാക്കുവാൻ കഴിയുമോ ? 2100 കോടി രൂപ 7-ാം പദ്ധതിക്ക് നമുക്ക് അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും 1100 കോടി രൂപ ഈ സംസ്ഥാനം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അത് എവിടെനിന്നു ഉണ്ടാകും ? ധനിക കൃഷിക്കാർക്ക് നികുതി പിരിക്കാൻ തയ്യാറാകണം. കാർഷിക മേഖലയിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

നാമമാത്രമായ വരുമാനമാണ് നമുക്ക് ലഭിക്കുന്നത്. കൃഷിക്കാരുടെ പേര് പറഞ്ഞു ധനിക കൃഷിക്കാരെ നികുതിയിൽ നിന്ന് ഒഴിവാക്കുന്ന തന്ത്രമാണ് ശ്രീ. മാണി സ്വീകരിച്ചിരിക്കുന്നത്. ചെറുകിട കർഷകർക്ക്, അർഹമായ സഹായം നൽകുന്നതോടൊപ്പം തന്നെ ധനിക കർഷകരിൽ നിന്നു കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നഷ്ടത്തിന്റെ കഥയാണ് പറയാനുള്ളത്. ഇൻഡ്യയിൽ നമുക്ക് അഭിമാനിക്കാൻ വകയുള്ള. കെൽട്രോണിന്റെ കാര്യം തന്നെ പരിശോധിക്കാം. കെൽട്രോണിലെ പല യൂണിറ്റുകളിലും പ്രവർത്തനം ഇല്ല. തൊഴിലാളികളും അവിടെ പോകും തിരിച്ചു പോകുമെന്നല്ലാതെ യാതൊന്നും അവിടെ നടക്കുന്നില്ല. അതിന്റെ ചെയർമാനായിരുന്ന ശ്രീ. കെ. പി. പി. നമ്പ്യാരെ അവിടെ നിന്നു മാറ്റി. ഇപ്പോഴും ഉത്തരവാദപ്പെട്ട സ്ഥിരമായ ഒരു ചെയർമാൻ അവിടെ ഇല്ല.

1982-ൽ ഉണ്ടായ ശക്തമായ കൊടുങ്കാറ്റിന്റേയും പേമാരിയുടേയും ഫലമായി എന്റെ നിയോജക മണ്ഡലത്തിൽ തന്നെ രണ്ട് ഹൈസ്കൂൾ കെട്ടിടങ്ങൾ തകർന്നുപോയി. 1982-83-ൽ തന്നെ ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതിനെപ്പറ്റി ഈ സഭ ചർച്ച ചെയ്തു മറ്റൊരു കെട്ടിടം ഉണ്ടാക്കിക്കൊടുക്കാം എന്നു സമ്മതിച്ചതാണ്. കൊല്ലം മൂന്നു കഴിഞ്ഞിട്ടും അത് സംബന്ധമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ രണ്ടു സ്കൂളിലെ കുട്ടികളും വളരെയേറെ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കൂൾ കെട്ടിടങ്ങളുടെ പുനർ നിർമ്മാണത്തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നു ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു

ശ്രീ. സിറിയക് ജോൺ : സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ സംബന്ധിച്ചിടത്തോളം മുൻപ് ഉണ്ടായിരുന്ന നിലപാടിൽ തന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉറച്ചുനിൽക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഫലമായിട്ടാണ് കേരളത്തിനു ഇന്ന് ഈ ദുഃഖസ്ഥിതി ഉണ്ടായിരിക്കുന്നത്. അതിനുപുറമേ കേരള ഗവൺമെന്റിന്റേതായ ധൂർത്ത്, അഴിമതി തുടങ്ങിയ പല കാരണങ്ങളും ഉണ്ട്. ഞാൻ അതു വിശദീകരിക്കുന്നില്ല. കഴിഞ്ഞ കേന്ദ്ര ബഡ്ജറിനുശേഷം നിത്യോപയോഗ സാധനങ്ങൾക്ക് 40 ശതമാനം വില വർദ്ധനവ് ഉണ്ടായി. അതേയവസരത്തിൽ കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവുണ്ടായി. വെളിച്ചെണ്ണ, റബ്ബർ തുടങ്ങിയവ ഇറക്കുമതി ചെയ്യാനുള്ള തെറ്റായ നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലമായി കേരളത്തിലെ ജനങ്ങൾ കൂടുതൽ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പരോക്ഷമായിപ്പോലും അവർക്കു കൂടുതൽ നികുതിഭാരം വരുന്ന നിർദ്ദേശങ്ങൾ ഒരിക്കലും അനുകൂലിക്കാൻ നിർവ്വാഹമില്ല. ഇന്നലെ ഇവിടെ ശ്രീ. എ. സി. ജോസും ശ്രീ. തച്ചടി പ്രഭാകരനും പറഞ്ഞു കോൺഗ്രസ് (എസ്) കോൺഗ്രസ് സിലേക്ക് ചെല്ലാൻ കാത്തിരിക്കുകയാണെന്ന്. അവർ ഒരേ വായിൽ തന്നെ രണ്ട് തരത്തിൽ സംസാരിക്കുന്നു. കൂറുമാറ്റ നിരോധന ബില്ലിന്റെ ധാർമ്മികതയെപ്പറ്റി ഒരു വായിൽ സംസാരിക്കുകയും കോൺഗ്രസ് (എസ്) അങ്ങോട്ടു വരുന്നതിനെപ്പറ്റി അതേവായിൽത്തന്നെ പറയുകയും ചെയ്യുന്നതാണ് മനസ്സിലാകാത്തത്. എന്തായാലും കോൺഗ്രസ് (എസ്) നെ സംബന്ധിച്ചിടത്തോളം മുമ്പു ഉണ്ടായിരുന്ന നിലപാടിൽ നിന്നു വ്യത്യസ്തമായി ഒരു നിലപാടെടുക്കേണ്ട രാഷ്ട്രീയ പരിതസ്ഥിതി ഇപ്പോഴില്ല. പവാർ അങ്ങോട്ടു ചെല്ലുമെന്നു പറയുന്നതു കേട്ടാൽ അതിനെ വളരെയേറെ സ്വാഗതം ചെയ്യുന്നു എന്നു തോന്നും. ആ

LIBRARY ARCHIVES Kerala Legislative Assembly

നിലപാടിനു ധാർമ്മികമായി വല്ല പ്രസക്തിയുമുണ്ടോ ? ഇത് എന്തൊരു വൈരുദ്ധ്യമാണ് ? ഇതു തെറ്റല്ലേ ? അതുകൊണ്ട് വസന്തദാദാ പട്ടേലിനേയും മറ്റുമൊക്കെ ഒതുക്കുന്നതിനെ സംബന്ധിച്ചുള്ള പ്രചരണം ആവശ്യമുണ്ടോ ? പഴയ കോൺഗ്രസ് (എ) ക്കാർ ഇന്ന് അനുഭവിക്കുന്ന വീർപ്പുമുട്ടലിനെതിരായിട്ട് അവർ മുറുമുറുപ്പ് തുടങ്ങിയിട്ടുണ്ട്. ഇതെല്ലാം ഒന്നൊതുക്കാമെന്ന ഉദ്ദേശത്തോടുകൂടി ശ്രീ. കരുണാകരനും അദ്ദേഹത്തിന്റെ പാർശ്വവർത്തികളുംകൂടി നടത്തുന്ന പ്രചരണത്തിൽ ഞങ്ങളെ കരുവാക്കേണ്ട എന്നു അവരെ ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചു കൊള്ളുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കു വേണ്ടിയല്ല നികുതി പിരിക്കുന്ന പൈസ ഉപയോഗിക്കുന്നത്. ആഡംബര ചെലവുകൾക്കും അഴിമതികൾക്കും, സ്വജനപക്ഷപാതത്തിനും സ്വന്തക്കാരെ കുത്തിത്തിരുകുന്നതിനും വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. 22.5 കോടി രൂപ പുതിയ നികുതി പിരിച്ചുണ്ടാക്കുന്നത് ഈ രാജ്യത്തെ സാധാരണക്കാരുടേയും തൊഴിലാളികളുടേയും, അദ്ധ്വാനിക്കുന്നവരുടേയും, സമരത്തെ അടിച്ചമർത്തുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. 936 കോടി രൂപ കുടിശ്ശികയുണ്ട്. എന്തുകൊണ്ട് പിരിച്ചെടുക്കുന്നില്ല. അത് പിരിച്ചെടുത്താൽ ഇവിടെ ഓവർഡ്രാഫ്റ്റിന്റെ പ്രശ്നം ഉണ്ടാവുകയില്ല. സർ, ഞാൻ പറയുന്നത് ധനകാര്യ മന്ത്രി ശ്രദ്ധിക്കുന്നില്ല. മദ്ധ്യതിരുവിതാംകൂറിലുള്ള പ്രമാണിമാർക്കും തോട്ട ഉടമകൾക്കുമൊക്കെ നികുതി ഒഴിവാക്കിക്കൊടുത്തിരിക്കുന്നുവെന്ന് കോൺഗ്രസ്സിന്റെ സാമ്പത്തിക വിദഗ്ദ്ധൻ തന്നെ പറഞ്ഞിരിക്കുന്നു. അതിനെ സംബന്ധിച്ചും മന്ത്രിക്ക് ഒന്നും പറയാനില്ല. കൂടുതൽ കൂടുതൽ പാവപ്പെട്ടവരെ ദ്രോഹിക്കുകയാണ്. കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തിട്ടില്ല. 6,78,23,190 രൂപ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ബാക്കിയാണ്, ആറുമാസത്തെ കുടിശ്ശികയാണ്. അപ്പോഴാ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടിയാണോ ഈ നികുതി പിരിക്കുന്ന പണം ഉപയോഗിക്കുന്നത്. വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുകൊടുക്കുന്ന പൈസ ഒന്നും തക്ക സമയത്ത് കൊടുക്കുന്നില്ല. അതിനൊന്നിനും ഇത് ഉപയോഗിക്കുന്നില്ല. അതുകൊണ്ട് കർഷക തൊഴിലാളി പെൻഷൻ ഓണത്തിന് മുമ്പെങ്കിലും കൊടുക്കാനുള്ള നടപടിയുണ്ടാകുമെന്ന് ഉറപ്പു പറയണം. അതുപോലെ തന്നെ 85,187 കർഷകത്തൊഴിലാളികളുടെ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്; വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലുമെല്ലാം. എന്തുകൊണ്ട് ഇതു പരിശോധിക്കുന്നില്ല. മൂന്നു കൊല്ലമായിട്ടും ഇത് പരിശോധിച്ച് തക്ക നടപടി എടുത്തിട്ടില്ല. പെൻഷൻ അർഹതപ്പെട്ടവർക്ക് മുഴുവൻ കൊടുക്കണ്ടേ ? ഇവിടെ കർഷകത്തൊഴിലാളികളുടെ സമരം അടിച്ചമർത്തുന്നു. ഞാൻ പറയുന്നത്, ചിറ്റൂർ താലൂക്കിലെ സുബ്ബയ്യൻ എന്നു പറയുന്ന ഒരാളുടെ 11 തൊഴിലാളികൾ മൂന്നുകൊല്ലമായി പണിയില്ലാതെ പട്ടിണിയിലാണ്. പോലീസ് ആ സമരത്തെ പൊളിക്കാൻ കൂട്ടുനിൽക്കുകയാണ്. തൊഴിലാളികൾ സത്യാഗ്രഹസമരം ആരംഭിച്ചിരിക്കുന്നു. അതുപോലെ തന്നെ എന്റെ പഞ്ചായത്തിൽ ചാമുണ്ണി എന്നു പറയുന്ന ഒരു കൃഷ്ണിയുടമയുടെ കളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ മൂന്നു കൊല്ലമായി സമരത്തിലാണ്. ആ ഭൂമി തരിശ്ശായി കിടക്കുകയാണ്. ആ സമരത്തെയും പൊളിക്കാൻ പോലീസ് കൂട്ടുനിൽക്കുകയാണ്. പോലീസ് മുതലാളിമാർക്ക് കൂട്ടു നിൽക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ണമ്പ്ര പഞ്ചായത്തിൽ മങ്ങോട് റബ്ബർ എസ്റ്റേറ്റിൽ 200 ഓളം തൊഴിലാളികൾക്ക് ജോലി നിഷേധിക്കുകയാണ് തോട്ടം ഉടമ. അതിൽ ഐ എൻ. ടി. യു. സി. (ഐ) ഉണ്ട്, കോൺഗ്രസ് (എസ്.) ഉണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

എ. ഐ. ടി. യു. സി. ഉണ്ട്, സി. ഐ. ടി. യു. ഉണ്ട്. അങ്ങനെ പ്രതിപക്ഷമോ ഭരണകക്ഷിയോ എന്നുള്ള വ്യത്യാസമില്ലാതെ മാനേജ്മെന്റ് എഗ്രിമെന്റ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടുമാസമായി തൊഴിലാളികൾ സമരത്തിലാണ്. ഒരു കൺസിലിയേഷൻ വിളിച്ച് ആ മുതലാളിമാരെ പങ്കെടുപ്പിക്കാൻപോലും ഈ ഗവൺമെന്റിനു കഴിയുന്നില്ല. അപ്പോഴും തൊഴിലാളികൾക്കുവേണ്ടിയല്ല, തൊഴിൽ സമരങ്ങളെ അടിച്ചമർത്താൻ വേണ്ടിയാണ് ഈ പൈസ ദുരുപയോഗപ്പെടുത്തുന്നത്.

മറെറാരു കാര്യം സ്വന്തക്കാർക്കുവേണ്ടി ആളുകളെ നിയമിക്കുകയാണ്. പാലക്കാട്ടു ജില്ലയിൽ മലബാർ സിമൻറ് ഫാക്ടറിയിൽ അക്കൗണ്ടു ഓഫീസറായിട്ടു ബഹുമാനപ്പെട്ട ശ്രീ. ഇ. അഹമ്മദ് നിയമിക്കാൻ പോകുന്നത് ആരെയാണെന്നറിയാമോ? മന്ത്രി എം. പി. ഗംഗാധരന്റെ അളിയനെ— ഭാര്യയുടെ സഹോദരൻ. അതിനുവേണ്ടി ശ്രീ. ഇ. അഹമ്മദിനെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. ഞാൻ പാലക്കാട്ടു പോയപ്പോൾ അവർ എല്ലാവരും കൂടി പറയുന്നു ഇങ്ങനെയാണ് ഭരണക്കാരുടെ, മന്ത്രിമാരുടെ അഴിമതി നടക്കാൻ പോകുന്നതെന്ന്. ഇങ്ങനെയാണ് സ്വജനപക്ഷപാതം നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. എം. സുന്ദരത്തിനറിയാം, അതുകൊണ്ടാണ് ചിരിക്കുന്നത്. ശ്രീ. എം. പി. ഗംഗാധരന്റെ അളിയനെ വേണ്ടാ മലബാർ സിമൻറ് ഫാക്ടറിയിൽ അക്കൗണ്ട് ഓഫീസറായിട്ടു നിയമിക്കാൻ. വേറെയാരെയെങ്കിലും നിയമിച്ചുകൂടെ. അതുകൊണ്ടാണ് ഞാൻ പറയുന്നത് നികുതി പിരിക്കുന്ന പണം മുഴുവൻ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടിയോ സാധാരണക്കാർക്കു വേണ്ടിയോ അദ്ധ്വാനിക്കുന്നവർക്കു വേണ്ടിയോ അല്ല അവർ ചെലവഴിക്കുന്നതെന്ന്. തോട്ടം തൊഴിലാളികളുടെ സമരം വന്നാൽ, കർഷകത്തൊഴിലാളികളുടെ സമരം വന്നാൽ അത് തീർക്കാൻ മുൻകൈയുണ്ടാകണം. ഇവിടെ ഈ ഗവൺമെൻറ് ആരെയും സഹായിക്കുന്നില്ല. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു പ്രഖ്യാപനം നടത്തി. '50 ശതമാനം മുതലും പലിശയും കൂടി ജൂൺ മാസം 30-ാം തീയതിക്കകം സർവ്വീസ് സഹകരണ സംഘങ്ങളിൽ അടച്ചാൽ പലിശ 50 ശതമാനം ഒഴിവാക്കിക്കൊടുക്കുമെന്ന്. ഡിസംബർ 31നു മുഴുവനുമായിട്ടടച്ചാൽ പലിശ വീണ്ടും ഇളവു ചെയ്തു കൊടുക്കും. എന്നാൽ ഒരൊറ്റ സർവ്വീസ് സഹകരണ സംഘങ്ങളിൽപോലും ആ പലിശ ഇളവു ചെയ്തു കൊടുക്കുന്നില്ല. ഞാൻ നേരിട്ടു പറഞ്ഞതാണ്. സഹകരണ വകുപ്പ് മന്ത്രിയോട്, നിരവധി കർഷകർ കത്തയച്ചുകൊണ്ടിരിക്കുന്നു. ഇത് നിങ്ങളുടെ പ്രഖ്യാപനം മാത്രമാണ്. സർവ്വീസ് സഹകരണ സംഘങ്ങളിൽ നടപ്പിലാക്കുന്നില്ല. 535 ലക്ഷം ഉറുപ്പിക കാർഷിക വായ്പക്കുവേണ്ടി നബാർഡ് കൊടുത്തത് നിങ്ങളുടെ കേന്ദ്ര ഭൂപണയ ബാങ്ക് എന്താണ് ചെയ്തത്? വാണിജ്യ ബാങ്കുകളിൽ അമിത പലിശയ്ക്കുവേണ്ടി നിക്ഷേപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. 500 രൂപാ മുതൽ 5000 രൂപാവരെ കർഷകർക്ക് കടം കൊടുക്കാൻ വേണ്ടി നബാർഡ് ഈ ബാങ്കിനു കൊടുത്തപ്പോൾ ഒന്നേകാൽ ശതമാനം പലിശ കൂടുതൽ കിട്ടുന്നതിനുവേണ്ടി പത്തര ശതമാനം പലിശകിട്ടുമെന്നു പറഞ്ഞു വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. പണം കൂടുതൽ കിട്ടണമെങ്കിൽ നിങ്ങൾക്ക് വല്ല ബ്ലേഡ് കമ്പനിയും തുടങ്ങിക്കൂടേ? ഈ പാവപ്പെട്ട കർഷകരെ സഹായിക്കുന്നതിനുവേണ്ടി കൊടുക്കുന്ന ഇത്തരം പണം എന്തിനു തിരിമറി ചെയ്യുന്നു? എന്തിനാണ് അട്ടിമറി നടത്തുന്നത്. ഇത് കർഷകരെ സഹായിക്കാനല്ല. സ്വന്തക്കാർക്കും അതുപോലെ പാർട്ടിക്കാർ ഭരിക്കുന്ന സഹകരണ സംഘങ്ങളിൽ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കുവേണ്ടി എന്തും ചെയ്യാനുള്ള നടപടിയാണ്.

നമ്മുടെ ആശുപത്രികളുടെ സ്ഥിതിയെടുത്താൽ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും കാലെടുത്തു വയ്ക്കില്ല. അവിടെ ദുർഗ്ഗന്ധമാണ്. അവിടെ ഡോക്ടറില്ല, ചികിൽസയില്ല, മരുന്നില്ല, ബെഡ്ഡില്ലാ

LIBRARY ARCHIVES Kerala Legislative Assembly

യാതൊന്നുമില്ല, സർ, എന്തിനാണ് നികുതി പിരിക്കുന്നത് ? നികുതി പിരിക്കുന്നത് അനാവശ്യമായിട്ട് ഉപയോഗിക്കുകയാണ്. സാധാരണക്കാർക്ക് ഉപകാരപ്രദമായിട്ട് ഉപയോഗിക്കാൻ വേണ്ടിയല്ല. 'വയറിനു പോകാനും വയറിളക്കം നിൽക്കാനും' ഒരേ മരുന്നാണ് ഈ ആസ്പത്രികളിൽ സാധാരണക്കാർക്ക് കൊടുക്കുന്നത്. -അതുകൊണ്ട് ഈ ആശുപത്രികൾക്കുവേണ്ടി കുറെ പൈസ മരുന്നു വാങ്ങാൻ ഉപയോഗിക്കണം എന്നാണ് എനിക്ക് അതിനെ സംബന്ധിച്ചിടത്തോളം പറയാനുള്ളത്.

ഒരു താലൂക്കിൽ ഒരു വ്യവസായമെന്ന് ബഡ്ജറ്റിൽ പറഞ്ഞതാണ്. ഒരൊറ്റ വ്യവസായം പോലും എവിടെയും ആരംഭിച്ചിട്ടില്ല. പട്ടയം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ എന്റെ പഞ്ചായത്തിൽ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിൽ ആയിരത്തോളം മലയോര കർഷകരുണ്ട്. എപ്പോൾ ചോദിച്ചാലും പട്ടയം കൊടുക്കും 10 പട്ടയം കൊടുക്കും എന്ന് പറയും. നമ്മുടെ മുഖ്യമന്ത്രിയെപ്പറ്റിപ്പറയുമ്പോൾ ഒരച്ഛൻ പൊട്ടനായ മകനോടു പറഞ്ഞ കഥയാണ്, എനിക്ക് ഓർമ്മ വരുന്നത്. അർദ്ധാനിക്കാൻ പ്രാപ്തിയുണ്ടായപ്പോൾ, പ്രായപൂർത്തിയായപ്പോൾ പണിയെടുപ്പിക്കാൻ വേണ്ടി അച്ഛൻ പറഞ്ഞു തുലാം മാസം എന്ന ഒരു മാസമുണ്ടെങ്കിൽ കാട്ടുവാവനു കല്ല്യാണമെന്ന്. തുലാം മാസത്തിൽ കല്ല്യാണം കഴിച്ചുകൊടുക്കുകയില്ല, പന്നെയും പിന്നെയും മകനെക്കൊണ്ട് അദ്ധ്വാനിപ്പിക്കും അടുത്ത തുലാമാസത്തിൽ കല്യാണം കല്യാണം എന്നു വീണ്ടും വീണ്ടും മകനോടു പറയും. അതുപോലെയാണ് മുഖ്യമന്ത്രി ശുദ്ധനായ ശ്രീ. പി. ജെ. ജോസഫിനോട് പറയുന്നത്. 1977 ജനുവരി 1-ാം തീയതിക്കുശേഷമുള്ളവർക്കെല്ലാം പട്ടയം പട്ടയമെന്ന്. രണ്ടുകൊല്ലമായി കൈവശം വച്ച് ഭൂമി മലയോര കർഷകർക്ക്, സാധാരണക്കാർക്ക് പട്ടയം കൊടുക്കുന്നതിന് നടപടി ഇല്ല. അതിനാവശ്യമായ നടപടിയെടുക്കണം. അദ്ധ്വാനിക്കുന്നവർക്കോ ദുർബ്ബല വിഭാഗങ്ങൾക്കോ വേണ്ടിയല്ല ഈ ബില്ലുകൊണ്ടു വന്നിരിക്കുന്നത്. മറിച്ച് ആഡംബരങ്ങൾക്കും അഴിമതി നടത്തുന്നതിനും വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, തൊഴിലില്ലായ്മയും വിലക്കയറ്റവും കൊണ്ട് നട്ടെല്ലൊടിഞ്ഞ ജനങ്ങളുടെമേൽ കൂടുതൽ നികുതിഭാരം അടിച്ച് ഏൽപ്പിക്കും എന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിന്റെ ചർച്ചയിൽ മറുപടി പറയുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി, ചില കാര്യങ്ങൾക്ക് മറുപടി പറയണം എന്ന് അഭ്യർത്ഥിക്കുകയാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച 6-ാം പദ്ധതിയിൽ 1550 കോടിക്ക് പകരം 1748 കോടി രൂപ ചെലവഴിച്ചുവെന്ന്. അതിൽ 600 കോടി രൂപയുണ്ടാക്കുമെന്ന് പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ 77 പൊതുമേഖലാ സ്ഥാപനങ്ങളിലൂടെയായി 67 കോടി രൂപയിൽ 22 കോടി രൂപ കടം വരുത്തിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നന്നാക്കിക്കൊണ്ട് ഉണ്ടാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ആ നിലയിൽ 1000 കോടി രൂപ ഉണ്ടാക്കിക്കൊണ്ട് 7-ാം പദ്ധതി നടപ്പിലാക്കാൻ കഴിയുമോ ? 7-ാം പദ്ധതിയെന്നു പറയുന്നത് 6-ാം പദ്ധതിയിൽ ഉണ്ടായിരുന്ന സ്പിൽഓവർ തീർക്കാനല്ലാതെ പുതിയതായി എന്തെങ്കിലും നടപ്പിലാക്കാൻ കഴിയുമോ ? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ 6-ാം പദ്ധതിയിലെ ഫിസിക്കൽ ടാർജറ്റ് അച്ചീവ് ചെയ്തതിന്റെ അടിസ്ഥാനത്തിലായിരിക്കണം വിലയിരുത്തേണ്ടത്. ഇവിടെ 1748 കോടി രൂപ സ്ക്കൂളുകൾ ഉണ്ടാക്കുന്നതിനും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി ചെലവഴിച്ചു. അപ്പോൾ 1748 കോടി രൂപ ഉണ്ടാക്കിയെന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണോ ശരി ? ഫിസിക്കൽ ടാർജറ്റ് അച്ചീവ് ചെയ്തോ എന്ന് മറുപടി പറയുമ്പോഴെ പറയണം. ഈ സംസ്ഥാനത്തെ സമ്പത്തിനെ ആകെത്തകർത്ത് വീണ്ടും ജനങ്ങളുടെമേൽ ഭാരം അടിച്ചേൽപ്പിക്കുന്ന ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീമതി പി. ദേവൂട്ടി : സർ, ഈ ഫൈനാൻസ് ബില്ലിനെ ഞാൻ എതിർക്കുകയാണ്. 22.5 കോടി രൂപയുടെ പുതിയ നികുതിയാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത്. ഇതിൽ 15 കോടിയും അഡീഷണൽ ടാക്സാണ്. ഇന്ന് നമ്മൾ മാർക്കറ്റിലോ തുണിഷാപ്പിലോ പോയാലും എല്ലാ സാധനങ്ങൾക്കും വില കൂടിയിരിക്കുകയാണ്. സ്ത്രീകൾ ഉപയോഗിക്കുന്ന അടിയുടുപ്പിനുപോലും ഇന്ന് താങ്ങാനാവാത്ത വില വർദ്ധിച്ചിരിക്കുന്നു. ഈ നികുതി പിരിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഈ രാജ്യത്തിന്റെ വികസനപ്രവർത്തനത്തിനു വേണ്ടിയാണെന്നാണ് അപ്പുറത്തുനിന്നും പറയുന്നത് കേട്ടത്. എന്ത് വികസന പ്രവർത്തനമാണ് മൂന്നു കൊല്ലമായി ഇവിടെ ഭരിക്കുന്ന സർക്കാർ ചെയ്തതെന്ന് മനസിലാകുന്നില്ല. എം.എൽ.എ. മാർക്ക് രണ്ട് റോഡുകൾ—ഈ രണ്ടു വർഷമായിട്ട് രണ്ടിൽ ഒന്നെങ്കിലും പൂർത്തിയാക്കിയിരുന്നുവെങ്കിൽ വോട്ടു തന്ന ജനങ്ങളുടെ മുഖത്തുനോക്കി അഭിമാനത്തോടുകൂടി എന്തെങ്കിലും പറയാമായിരുന്നു. ഇന്ന് എം.എൽ.എ. മാർ തന്നെ അപമാനിതരാകുകയാണ്. ഈ കാശു പിരിക്കുന്നത് എന്തിനാണ്. കേരളത്തിൽ 26 ലക്ഷത്തിൽപ്പരം വരുന്ന അഭ്യസ്ത വിദ്യർ അടക്കമുള്ള തൊഴിലില്ലാത്ത ജനങ്ങളെ ഉപ്പുകൊള്ളുന്ന കുടുംബങ്ങളാണുള്ളത്. അവരുടെമേൽ കൂടുതൽ നികുതി അടിച്ചേൽപ്പിക്കുകയാണ്. സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുകയാണ്. പുതിയ വ്യവസായം ഉണ്ടാക്കുന്നതിനാണോ നികുതി പിരിക്കുന്നത്. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഒന്നടങ്കം തകർന്ന് തരിപ്പണമാകുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയിൽ ഈ രാജ്യത്തെ തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട കുടുംബങ്ങളും പട്ടിണി മരണംമൂലം ബുദ്ധിമുട്ടുകയാണ്. മാറാരോഗങ്ങളും പട്ടിണി മരണവുമാണ് നമ്മുടെ രാജ്യത്ത്. അത്തരത്തിലുള്ള ജനങ്ങളുടെ മേലാണ് ഇതുപോലുള്ള നികുതി അടിച്ചേൽപ്പിച്ചിട്ടുള്ളത്. നികുതി പിരിക്കുന്നത് വികസന പ്രവർത്തനങ്ങൾക്കാണെന്ന് എനിക്ക് വിശ്വാസം ഇല്ല. അങ്ങനെയാണെങ്കിൽ കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് എന്തൊക്കെ മാറ്റം ഉണ്ടാക്കാൻ സാധിക്കുമായിരുന്നു? ഇവിടെ ജനങ്ങളുടെ ജീവിതം വളരെയധികം ദുസ്സഹമാക്കുകയാണ്. ഒരു പ്രദേശത്ത് ഒരു മണ്ഡലത്തിലുള്ള പ്രവർത്തനങ്ങളെങ്കിലും ചെയ്തു തീർത്തുവെന്ന് ഈ ഗവൺമെന്റിന് പറയാൻ സാധിക്കുമോ ? അതുകൊണ്ട് എനിക്കു പറയാനുള്ളത് സാധാരണ ജനങ്ങളെ കൂടുതൽ കൂടുതൽ കഷ്ടത്തിലേയ്ക്കും നരകത്തിലേക്കും വലിച്ചിഴയ്ക്കുന്നതിനുവേണ്ടിയാണ് നികുതി ചുമത്തുന്നത് എന്നാണ്. ഒരു കാലത്തും ഇല്ലാത്ത വിധത്തിലുള്ള സമരങ്ങളാണ് നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്നത്. കഴിഞ്ഞ കാലത്തെ സ്പില്ലോവർ വർക്കു ചെയ്തു തീർക്കാൻ കഴിയാത്ത വിഷമമാണ് ഇപ്പോഴും അനുഭവിക്കുന്നത്. ഗവൺമെന്റു കോൺട്രാക്ടർമാർ അടക്കം സമരം ചെയ്യുകയാണ്. ഒരൊറ്റ പുതിയ വർക്കും ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. ഈ രാജ്യത്തെ വികസന പ്രവർത്തനങ്ങൾ നടത്തും എന്നുള്ളതിന് എന്തുറപ്പാണുള്ളത്. അതുകൊണ്ട് കൂടുതൽ കാര്യങ്ങൾ ഒന്നുംതന്നെ പറയുന്നില്ല. ജനദ്രോഹപരമായ ജനങ്ങൾക്ക് നരകം വരുത്തി വയ്ക്കുന്ന അഡീഷണൽ ടാക്സിനേയും നികുതിയേയും ഞാൻ പരിപൂർണ്ണമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ നടന്ന ചർച്ചയിൽ പ്രധാനമായിട്ടും ഫിനാൻസ് ബില്ലിനെക്കുറിച്ചുള്ള വിമർശനങ്ങളാണ് കേട്ടത്. ഇതിലെ നിർദ്ദേശങ്ങളൊക്കെയും പാവപ്പെട്ടവരെ ദ്രോഹിക്കുന്നവയാണെന്നുള്ളതായിരുന്നു വിമർശനം. ഞാൻ നോക്കിയിട്ട് പാവപ്പെട്ടവരെ ദ്രോഹിക്കുന്നതോ അവരെ സ്പർശിക്കുന്നതോ ആയിട്ടുള്ള യാതൊരു നികുതി നിർദ്ദേശങ്ങളും ഇതിലില്ല. പ്ലാന്റേഷൻ നികുതി കൂട്ടുന്നുവെന്ന് പറഞ്ഞു. അത് എങ്ങനെയാണ് പാവപ്പെട്ടവരെ ബാധിക്കുന്നത്? അതുപോലെ ജനറൽ സെയിൽസ് ടാക്സ് ആക്ടിനെ സംബന്ധിച്ചിടത്തോളം അതിൽ വന്നിരിക്കുന്ന ഭേദഗതിയിൽ പാവപ്പെട്ടവരെ ബാധിക്കുന്ന ഒന്നുമില്ല. മോട്ടോർ വെഹിക്കിളിനെ സംബന്ധിച്ചിടത്തോളം നികുതി കൂട്ടുന്നു. പാവപ്പെട്ടവരും കർഷകത്തൊഴിലാളികളുമായ ദുർബല വിഭാഗങ്ങളെ ഈ മോട്ടോർ വെഹിക്കിളും ടാക്സ് ബാധിക്കുന്നില്ലായെന്നാണ് എനിക്കു പറയാനുള്ളത്. ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് ആകെയുണ്ടായിരുന്ന ആക്ഷേപം സ്റ്റാമ്പ് ഡ്യൂട്ടി കൂട്ടിയതുകൊണ്ട്. ഏതെങ്കിലുമൊരു ഫേം രജിസ്റ്റർ ചെയ്യാനുള്ള ചെലവ് കൂടുന്നുവെന്നാണ്. നമ്മുടെ പാവപ്പെട്ട ദുർബല വിഭാഗങ്ങളിൽ ആരുംതന്നെ ഫേമോ, കമ്പനികളോ രജിസ്റ്റർ ചെയ്യുന്നില്ല. കമ്പനികളോ, ഫേമോ രജിസ്റ്റർ ചെയ്യുന്നതിന് അതിന്റെ രജിസ്ട്രേഷൻ ഫീസ് അൽപ്പം കൂടിയതുകൊണ്ട് അത് സാധാരണക്കാരെ ബാധിക്കുന്നില്ലായെന്ന് പ്രത്യേകം പറയാനാഗ്രഹിക്കുകയാണ്. ഞാൻ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഒരു കാര്യം പറയുകയുണ്ടായി. ഇക്കൊല്ലം ഫിനാൻസ് ബില്ല് കൊണ്ടുവന്നത്, 1985-86-ൽ ഇരുപത്തിരണ്ടരകോടി രൂപയുടെ പുതിയ വരുമാനം ഉണ്ടാക്കാനാണ്; അധികവിഭവ സമാഹരണമുണ്ടാക്കുവാനാണ്. ഇതിന്റെ ഫലമായി ഈ പദ്ധതിയിൽ അഞ്ച് വർഷംകൊണ്ട് 130 കോടി രൂപയാണ് കിട്ടുന്നത്. അതിൽ നമുക്ക് വളരെ അഭിമാനമുണ്ട്. 1980 മുതൽ 1985 വരെയുള്ള കാലഘട്ടങ്ങളിൽ കേരളത്തിലെ ധനകാര്യമന്ത്രി എന്ന നിലയിൽ ഓരോ വർഷവും ഞാൻ അവതരിപ്പിച്ച അധിക വിഭവ സമാഹരണത്തിന്റെയും നിലവിലുള്ള നികുതി സമാഹരണത്തിന്റെയും കാര്യങ്ങളിൽ വന്പിച്ച നേട്ടങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. ഇത് അറിഞ്ഞിട്ടും അറിഞ്ഞില്ലായെന്ന് നടിച്ച് അതിനെ മനഃപൂർവ്വം വിസ്മരിക്കുകയാണോയെന്ന് എനിക്ക് സംശയമുണ്ട്. പ്രതിപക്ഷത്തിന്റെ വിമർശനങ്ങളും കേൾക്കുമ്പോൾ അത് വളരെ നിർഭാഗ്യകരമായിപ്പോയിയെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. കാരണം, വസ്തുതകളും വസ്തുതകളാണ്. അതുപോലെ കണക്കുകളും കണക്കുകളുമാണ്. നമ്മളെല്ലാവരും ആസൂത്രണത്തിന്റെകാലഘട്ടത്തിലാണ് നിൽക്കുന്നത്. ആസൂത്രണമെന്നു പറയുമ്പോൾചെലവുകൾക്ക് മാത്രമല്ല, വരവുകൾക്കും ആസൂത്രണമുണ്ട്. പ്ലാനിംഗ് കമ്മീഷൻ ഓരോ രാജ്യത്തിന്റെയും കണക്കുകൾ വച്ചുകൊണ്ട് ഒരു രാജ്യത്ത് ഉണ്ടാക്കാവുന്ന വിഭവസമാഹരണം എത്രയാണ്, വരവ് എത്രയാണ് എന്നൊക്കെ പ്ലാൻ ചെയ്യാറുണ്ട്. ചെലവിനെ സംബന്ധിച്ച് നിങ്ങളുടെ കഴിവ് ഇത്രയേയുള്ളൂ. വിഭവശേഷി ഇത്രയേയുള്ളൂ, നിങ്ങളുടെ പ്ലാൻ ഔട്ട്ലേ ഇതിൽ ഒതുങ്ങി നിൽക്കണമെന്നൊക്കെയുള്ളതിനെ സംബന്ധിച്ചുള്ളതാണ്. ആറാം പദ്ധതി അവസാനിച്ചതിനുശേഷം ഏഴാം പദ്ധതിയിലേക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. പ്ലാനിംഗ് കമ്മീഷൻ പറഞ്ഞ എല്ലാ മാനദണ്ഡങ്ങളേയും നിർദ്ദേശങ്ങളേയും കവച്ചുവച്ചുകൊണ്ട് അതിൽ കൂടുതലായിട്ടുള്ള അധിക വിഭവസമാഹരണമുണ്ടാക്കി നിലവിലുള്ള നികുതി സമാഹരണവും കൂടുതലുണ്ടാക്കി. അങ്ങനെ രണ്ടു രീതിയിലുള്ള സമാഹരണമാണ്. ഒന്ന് നിലവിലുള്ള വരുമാനം നിശ്ചിതതോതിൽ ഓരോ വർഷവും വർദ്ധിപ്പിക്കണം. ഒരു ധനകാര്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വമെന്നു പറയുന്നത്, പ്ലാനിംഗ് കമ്മീഷൻ പറയുന്ന മാതിരി ഓരോ വർഷവും നിലവിലുള്ള നികുതി വരുമാനം ഒരു നിർദ്ദിഷ്ട വരുമാനമായി ഉണ്ടാക്കി കൊടുക്കുകയെന്നുള്ളതാണ്, രണ്ടാമത്തേത്, നിലവിലുള്ള വരുമാനത്തിനു പുറമേ പുതിയ ധനാഗമമാർഗ്ഗങ്ങളും കൂടി ഉണ്ടാക്കി കൊടുക്കുക. ഇത് രണ്ടിനേയും കണക്കുകൂട്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. പല പ്പോഴും പല ഡിസ്കഷനിലും പറഞ്ഞിട്ടുള്ളതാണെങ്കിലും ഇപ്പോഴും ഈ സന്ദർഭത്തിൽ പറയേണ്ട ചുമതലയെനിക്കുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഈ രണ്ടു കാര്യങ്ങളിലും ഇത്രമാത്രം പെർഫോർമൻസ് നടത്തിയ ഒരു മാതൃകാ സംസ്ഥാനം ഇൻഡ്യയിൽ കുറവാണ്. ഇക്കാര്യത്തിൽ ഒരു മാതൃകാ സംസ്ഥാനമായി നമുക്കുയർന്നുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ വിഭവ സമാഹരണത്തിൽ നമുക്ക് വലിയ സന്തോഷവും അഭിമാനവുമുണ്ട്. ഉദാഹരണമായി സെയിൽസ്ടാക്സ് വർദ്ധിപ്പിച്ചു. സെയിൽസ്ടാക്സിനെ സംബന്ധിച്ചിടത്തോളം സഭയുടെ മുമ്പാകെ പറയുന്നത്, 1980-85 വരെ പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നത് 1133 കോടി രൂപ പിരിക്കാനാണ്. എന്നാൽ പിരിച്ചത്, 1405 കോടി രൂപയാണ്. അതിന്റെ അർത്ഥം, പ്ലാനിംഗ് കമ്മീഷൻ പറഞ്ഞതിൽനിന്ന് അഞ്ചു വർഷംകൊണ്ട് 275 കോടി രൂപ കൂടുതൽ ആയി പിരിക്കുകയുണ്ടായി. 1984-85-ൽ 360 കോടി രൂപയാണ് പ്ലാനിംഗ് കമ്മീഷൻ പിരിക്കാൻ പറഞ്ഞതെങ്കിൽ 373 കോടി രൂപ സെയിൽസ്ടാക്സിനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞു. അവിടെയും നമ്മുടെ ലക്ഷ്യം കവച്ചുവയ്ക്കുകയുണ്ടായി. കഴിഞ്ഞ വർഷം ഇൻഡ്യൻ ഓയിൽ കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഓയിൽ റിഫൈനറി കത്തി പോയതിന്റെ ഫലമായി ഇരുപത്തിയഞ്ചുകോടി രൂപയുടെ വരുമാനം നഷ്ടപ്പെട്ടു. കൊച്ചിൻ ഷിപ്പ്യാർഡിനെ സംബന്ധിച്ചിടത്തോളം തരാനുണ്ടായിരുന്ന തുക മുടക്കം വരുത്തിയിരുന്നു. ഇതിനെല്ലാം പുറമേയാണ് കഴിഞ്ഞ കൊല്ലം വിൽപ്പന നികുതിയിനത്തിൽ 373 കോടി രൂപ പിരിച്ചെടുത്തത്. ഇത് എത്രയോ അനുമോദനാർഹമായ കാര്യമാണ്.

കാർഷികാദായ നികുതിയിനത്തിൽ പതിനൊന്നേമുക്കാൽ കോടി രൂപ പിരിക്കണമെന്ന് പ്ലാൻ ചെയ്തയിടത്ത് ഇരുപതു കോടി രൂപ പിരിക്കാൻ കഴിഞ്ഞു. അവിടെയും ലക്ഷ്യം കവിഞ്ഞു. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ്, ശ്രീ ഷൺമുഖദാസ്, ശ്രീമതി ഗൗരിയമ്മ ഇവരോട് ഞാൻ ചോദിക്കുകയാണ് റേറ് ഓഫ് ഗ്രോത്തിനെ സംബന്ധിച്ചിടത്തോളം കേരളത്തിന് വേണ്ടത്രയെന്നു ഫിനാൻസ് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഓരോ സംസ്ഥാനവുമെടുത്ത് ഓരോ പെർസന്റേജ് ആണ് വച്ചത്. കേരളത്തെ സംബന്ധിച്ചിടത്തോളം 1980-85 വരെയുള്ള ആറാം പദ്ധതിക്കാലത്ത് നമുക്കുണ്ടായിരുന്ന നികുതിയുടെ ബോയൻസി 8 ശതമാനം കൂടുതലാണ്. അതായത് ഓരോ വർഷവും തലേ വർഷത്തിൽ ഉള്ള നികുതിയേക്കാൾ എട്ടു ശതമാനം വർദ്ധിപ്പിക്കണമെന്നുള്ളതായിരുന്നു നിർദ്ദേശം. എന്നാൽ 1980-85 വരെയുള്ള അഞ്ചു വർഷത്തെ ഒരുമിച്ചെടുക്കുകയാണെങ്കിൽ ശരാശരി നമ്മുടെ നികുതിയുടെ വളർച്ചയുടെ നിരക്ക് പതിനാറ് ശതമാനമാണ്. 1984-85 വർഷത്തെ നികുതിയുടെ വളർച്ച 1983-'84 ലെ നികുതി വളർച്ചയേക്കാൾ ഇരുപത്തിരണ്ടു ശതമാനം ആണ്. ഫിനാൻസ് കമ്മീഷൻ എട്ടു ശതമാനം നികുതി വളർച്ച പറഞ്ഞപ്പോൾ 22 ശതമാനം നികുതി വളർച്ച കാണാൻ കഴിഞ്ഞുവെങ്കിൽ അത് അഭിമാനകരമല്ലേ ? ആരെങ്കിലും ഏതെങ്കിലുമൊരു മാസികയിൽ ഒരു ലേഖനമെഴുതിയാൽ ആ ലേഖനമാണോ അതോറിട്ടി കഴിഞ്ഞ മൂന്നു മാസങ്ങളായി ഇവിടെ പല ലേഖനങ്ങളും കാണുന്നുണ്ട്. ഇടുക്കിയിലെയും കോട്ടയത്തെയുമൊക്കെ നികുതി റേറ് കുറഞ്ഞെന്നു കണ്ടു. ഞാൻ നിയമസഭയുടെ ചോദ്യോത്തരവേളയിൽ അനിഷേധ്യമായ വസ്തുതകൾ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. ഇടുക്കി, കോട്ടയം-ജില്ലകളിൽ തലേ വർഷത്തേക്കാൾ 36 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

നികുതി വളർച്ചയുണ്ടായിട്ടുണ്ട്. നികുതി വരുമാനം കുറഞ്ഞുവെന്ന് വസ്തുതകളെ കാണാതെ നടത്തുന്ന വിമർശനങ്ങൾ വളരെ മോശമാണ്. ഇതാണ് നിലവിലുള്ള നികുതി വരുമാനത്തിന്റെ വളർച്ച. ഇത് വളരെ ലക്ഷ്യം കവിഞ്ഞ നേട്ടമുണ്ടാക്കിയതിന് ശേഷം പ്ലാനിംഗ് കമ്മിഷൻ പറഞ്ഞതുപോലെ പുതിയ ധനാഗമ മാർഗ്ഗങ്ങളിൽകൂടി ഓരോ വർഷവും ഇത്ര കോടി രൂപ ഉണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും വലിയ 'ഒരു യാർഡ്സ്റ്റിക്കാ'ണ്. നമ്മളോട് പ്ലാനിംഗ് കമ്മിഷൻ പറഞ്ഞിരിക്കുന്നത് 1980 മുതൽ 1985 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിന്റെ സാധാരണ നികുതി വരുമാനങ്ങൾക്കു പുറമേ പുതിയ ധനാഗമ മാർഗ്ഗങ്ങളിൽകൂടി 311 കോടി രൂപ പിരിച്ചെടുക്കണമെന്നാണ്. എന്നാൽ 311 കോടി രൂപയ്ക്കു പകരം 375 കോടി രൂപ നികുതി വരുമാനമിനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നുള്ള കാര്യത്തിൽ പ്ലാനിംഗ് കമ്മിഷൻ കേരളത്തെ അഭിനന്ദിച്ചിരിക്കയാണ്. ഏത് കൗണ്ടിലും നിലവിലുള്ള നികുതി വരുമാന സംരക്ഷണ കാര്യത്തിലും പൊതു ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്ന കാര്യത്തിലും അധിക വിഭവ സമാഹരണ കാര്യത്തിലും കേരളം ആറാം പദ്ധതിക്കാലത്ത് വമ്പിച്ച നേട്ടമാണ് കൈവരിച്ചത്. അതിന്റെ ഫലമായിട്ട് ആണ് നമ്മുടെ കമ്മി 200 കോടി രൂപയാക്കി കൊണ്ടുവരാൻ കഴിഞ്ഞത്. ഇത് വെറും മാസ്മരിക വിദ്യയോ, മാജിക്കോ അല്ല. അത് വസ്തുതാപരമായി നമ്മുടെ വരുമാനം വർദ്ധിപ്പിച്ചതുകൊണ്ട് ആണ്. 1500 കോടി രൂപ ആറാം പദ്ധതിക്കാലത്ത് വിഭവശേഷിയുണ്ടായിരിക്കുമെന്ന് പ്ലാനിംഗ് കമ്മിഷൻ പറഞ്ഞ സ്ഥാനത്ത് വിലവർദ്ധനവിന്റെയും ഡി. എ. വർദ്ധനവിന്റെയും ഫലമായിട്ട് 500 കോടി രൂപ അധിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്ന ഒരു സംസ്ഥാനത്ത് നോൺ പ്ലാൻ 500 കോടി രൂപ വർദ്ധിപ്പിച്ചതിനുശേഷവും നമ്മുടെ കമ്മി 200 കോടി രൂപയാക്കി താഴ്ത്തിക്കൊണ്ടു വരാൻ കഴിഞ്ഞു. ഇത് നിയമസഭയിൽ ചർച്ച ചെയ്യേണ്ടേ? ബഹുമാനപ്പെട്ട പ്രതിപക്ഷക്കാർ അത് കാണേണ്ടതല്ലേ? നമ്മുടെ കമ്മി നോൺ പ്ലാൻ കമ്മിയല്ല, പ്ലാൻ കമ്മിയാണ്. ഇത്രമാത്രം നോൺപ്ലാൻ ചെലവുകൾ വർദ്ധിപ്പിച്ചതിനുശേഷവും പ്ലാൻ കമ്മിയായി പരിമിതപ്പെടുത്തി 200 കോടി രൂപയാക്കി ചുരുക്കിയത് ഇവിടെ വരുമാനം വർദ്ധിച്ചതുകൊണ്ടാണ്, വിഭവ സമാഹരണം വർദ്ധിച്ചതുകൊണ്ടാണ്. സർ, എനിക്ക് വളരെ തമാശ തോന്നുകയാണ്. ശ്രീ. പീതാംബരൻ മാസ്റ്റർ ഇന്നലെ പ്രസംഗിച്ചപ്പോൾ ഒറ്റയടിക്ക് 700 കോടി രൂപ പിരിക്കാൻ കിടക്കുന്നു എന്നു പറഞ്ഞു ശ്രീ. സി. ടി. കൃഷ്ണൻ 936 കോടി രൂപയുണ്ടെന്നു പറഞ്ഞു. 936 കോടി രൂപ 25 നയാപൈസ, ചിലപ്പോൾ ഇതു ശരിയാണോ എന്നു തോന്നുമായിരിക്കും. 936 ആയിരമാകാത്തത് നന്നായി. ഈ ഫിഗറൊക്കെ ആർക്കു വേണമെങ്കിലും പറയാം. ഇവിടെ നിയമ സഭയെ സംബന്ധിച്ചിടത്തോളം കണക്കുകൾ പറയുന്നതിൽ ഉത്തരവാദിത്വം വേണം. ഇവിടെ സൂചിപ്പിച്ചിട്ടുള്ള കണക്കുകൾ അനുസരിച്ച് 90 കോടി രൂപ ശ്രീ. പട്ടം താണുപിള്ളയുടെ കാലഘട്ടം മുതൽ തിരുക്കൊച്ചി ഉണ്ടായ കാലഘട്ടം മുതൽ ഇവിടെ ആകെ നികുതി വരുമാനം പിരിയാൻ കിടക്കുന്നത് 90 കോടി രൂപയാണെന്നുണ്ടെങ്കിൽ ആ 90 കോടി രൂപയിൽ 48 കോടി രൂപ റവന്യൂ റിക്കവറിക്കുവേണ്ടി അഡ്വൈസ് ചെയ്തതിനു ശേഷം കിടക്കുന്നതു ബാക്കി 42 കോടി രൂപയാണ്. ആ 42 കോടി രൂപയിൽ ഹൈക്കോടതിയും അപ്പലറ്റ് അതോറിറ്റികളും സ്റ്റേ ചെയ്ത 28 കോടി രൂപ കഴിച്ചാൽ ഇവിടെ എത്രയാണെന്നറിയാമോ കളക്ട് ചെയ്യാനിരിക്കുന്നത്? 936 കോടി എന്ന് ശ്രീ. സി. ടി. കൃഷ്ണൻ പറഞ്ഞ സ്ഥാനത്ത് കളക്ട് ചെയ്യാനിരിക്കുന്നത് 17 കോടി രൂപ മാത്രമാണ്. ഞാൻ അത് നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ വെറും 17 കോടി രൂപ മാത്രമേ ഈ സംസ്ഥാനത്ത് റവന്യൂ റിക്കവറിക്ക് അഡ്വൈസ് ചെയ്യാത്ത നികുതിയെ സംബന്ധിച്ചിടത്തോളം അവശേഷിച്ചിട്ടുള്ളൂ. ആ സ്ഥാനത്ത് ഓരോ ദിവസവും ഓരോ കണക്കുമായിട്ടാണ് വരിക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ തവണ ഒരു നിയമം ഇവിടെ പാസാക്കി. എന്താണെന്നോ ? ബേസിക് ടാക്സ് ആക്ട് നിലവിലിരുന്ന സ്ഥലത്ത് മറ്റു സെറ്റിൽമെൻറ് ടാക്സാക്കി. അത് നിങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ? അതുപോലെ വേറൊരു ചോദ്യം കൂടി ഈ സെയിൽസ് ടാക്സ് ആക്ടിൽ ഒരു കൊല്ലത്തിൽ കൂടുതലായി ഒരു ലക്ഷത്തിൽ കൂടുതൽ അസസ്മെൻറ് പൂർത്തിയാക്കാത്ത എത്ര കേസുണ്ട് ?

ശ്രീ. കെ. എം. മാണി : സർ, അതൊക്കെ പിന്നെ ചർച്ച ചെയ്യാം. ഇതിനെ സംബന്ധിച്ച് ശ്രീമതി ഗൗരിയമ്മയുടെ കാലഘട്ടത്തിലുമുണ്ടായിരുന്നു. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥന് ഒരു വർഷത്തിൽ ഇത്ര അസസ്മെൻറ് എന്നൊരു കണക്കുണ്ട്. അയാൾക്ക് അത്രയേ ചെയ്യാൻ കഴിയൂ. ഒരു വർഷത്തിൽ 365 ദിവസമല്ലേയുള്ളൂ. അങ്ങനെ വരുമ്പോൾ കേരളത്തിലെ എല്ലാ ഉദ്യോഗസ്ഥൻമാരും കൂടി ടാർഗറ് അനുസരിച്ച് ചെയ്തു തീർത്തു കഴിയുമ്പോൾ ഓരോ വർഷവും അറിയറുണ്ടാകും എല്ലാ കൊല്ലവും അറിയർ ഒരു പ്രതിഭാസമാണ്. അതവിടെ നിൽക്കട്ടെ.

നമുക്ക് ആകെ പിരിഞ്ഞു കിട്ടാനുള്ളത് 17 കോടി രൂപ മാത്രമാണ്. ആ നിലയ്ക്ക് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നികുതി സംരക്ഷിച്ചു കൊണ്ട് നമ്മുടെ ഗവൺമെൻറ് അധിക വിഭവ സമാഹരണം നടത്തിക്കൊണ്ടു പോകുന്നു. അങ്ങനെയിരിക്കുമ്പോൾ ഏഴാം പദ്ധതിക്കുവേണ്ടി ആറാം പദ്ധതിയിൽ നടത്തിയ നിലയ്ക്കുള്ള പ്രശസ്തമായ, അഭിമാനകരമായനേട്ടം, അതിൻെറ ചുവടു പിടിച്ചുകൊണ്ട് ഏഴാം പദ്ധതിയെ സംബന്ധിച്ചിടത്തോളം ഭാരമേറിയ ചുമതല നിർവ്വഹിക്കാൻവേണ്ടി ഇവിടെ കൂടുതൽ വരുമാനമുണ്ടാക്കണം, അധിക വിഭവ സമാഹരണം വേണം. അതിനുവേണ്ടി 600 കോടി രൂപ ഈ അടുത്ത അഞ്ചു വർഷക്കാലംകൊണ്ട് 1985 മുതൽ 1990 വരെയുള്ള ഏഴാം പദ്ധതിക്കുവേണ്ടി—600 കോടി രൂപ അധികവിഭവ സമാഹരണവും 400 കോടി രൂപ നമ്മുടെ ചെലവു ചുരുക്കൽ കൊണ്ടും. ആയിരം കോടി രൂപ പൊതുവായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിൻെറ ഒരു ഭാഗമായിട്ടാണ് 1985-86 (ഇക്കൊല്ലത്തെ) ബഡ്ജറ്റിൽ ഇരുപത്തിരണ്ടര കോടി രൂപയുടെ ഒരു പുതിയ നിർദ്ദേശം ഞാൻ കൊണ്ടുവന്നത്. അതിൻെറ അർത്ഥം ഈ വർഷം ആരംഭത്തിൽ ഇരുപത്തിരണ്ടര കോടി എന്നു പറയുന്നത് അഞ്ചു വർഷക്കാലം കൊണ്ട് 130 കോടി രൂപയാണ്. അത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏഴാം പദ്ധതിയുടെ നിർവ്വഹണത്തിന് ഏറ്റവും വലിയ ആവശ്യമാണ്. ആ നിലയിൽ രാജ്യ താൽപര്യത്തെക്കരുതി പാവപ്പെട്ടവരെ വിഷമിപ്പിക്കാത്ത, പാവപ്പെട്ടവരെ ഒട്ടും ബാധിക്കാത്ത നല്ല കുറെ നിർദ്ദേശങ്ങളും മാത്രമേ ഈ ധനകാര്യ നിയമത്തിലുള്ളൂ. അതുകൊണ്ട് അത് പാസാക്കിത്തരണമെന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു; എൻെറ വാക്കുകളും ഉപസംഹരിക്കുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ്: പഞ്ചവൽസര പദ്ധതിക്ക് അമിതമായി ചെലവാക്കി എന്ന് പറയുന്നു. ആറാം പഞ്ചവൽസര പദ്ധതിയുടെ നമ്മുടെ ഫിസിക്കൽ ടാർഗറിൻെറ സ്ഥിതിയെന്താണ് ? അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ? ഇല്ലെങ്കിൽ എത്ര ശതമാനമാണ് പൂർത്തീകരിക്കാത്തതെന്ന് പറയാമോ ?

ശ്രീ. കെ.എം. മാണി: സർ, ഈ മണി വാല്യൂ എന്ന് പറയുന്നത് രഹസ്യമൊന്നുമല്ലല്ലോ ? മണി വാല്യൂ എന്ന് പറയുന്നത് ഒരു കാലഘട്ടത്തിൽ, ഇൻഫ്ളേഷൻെറ കാലഘട്ടത്തിൽ ഫിസിക്കൽ ടാർഗറ് നേടിയോ എന്ന് ചോദിച്ചാൽ അത് ഇവിടെമാത്രം ചോദിക്കേണ്ടതല്ല. വെസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ബംഗാളിനോടോ കേന്ദ്രത്തോടോ ഇൻഡ്യയിലെ ഏത് സംസ്ഥാനത്തോട് ചോദിച്ചാലും എല്ലാ സംസ്ഥാനങ്ങൾക്കും ഫിസിക്കൽ ടാർഗറ്റ് നേടിയെടുക്കുന്ന കാര്യത്തിൽ കുറെ പരിമിതികളുണ്ട്.

ശ്രീ. ഇ.കെ. നയനാർ: ഞാൻ ഒന്ന് ചോദിക്കട്ടെ ബഹുമാനപ്പെട്ട മന്ത്രി, ഈ അഡീഷണൽ സെയിൽസ് ടാക്സ് ഇൻഫ്ളേഷൻ പീരീഡിൽ ഇൻഫ്ളേഷൻ വർദ്ധിപ്പിക്കാനും ഫുഡ്, ആർട്ടിക്കിൾസിന് വില വർദ്ധിപ്പിക്കാനും, നമ്മുടെ ബനിയനും അണ്ടർവെയറിനും വില വർദ്ധിപ്പിക്കാനും യാണിന് വില വർദ്ധിപ്പിക്കാനുമൊക്കെയല്ലേ സഹായിക്കുന്നത്? അല്ല നാട്ടുകാരെ സഹായിക്കുകയാണോ ചെയ്തത്? കൂടുതൽ പാപ്പരീകരിക്കാനല്ലേ സഹായിക്കുന്നത്?

ശ്രീ. കെ.എം. മാണി: ബനിയനും അണ്ടർവെയറിനും വില വർദ്ധിപ്പിച്ചാൽ അത് ഇടുന്നില്ലായെന്ന് വച്ചോ? അത്രയല്ലേ ഉള്ളൂ. അതവിടെ നിൽക്കട്ടെ ഞാൻ തമാശ പറഞ്ഞതാണ്. സർ, ബനിയനും അണ്ടർവെയറിനും നികുതി വർദ്ധനവ് ഒരുപാട് ഉണ്ടായിട്ടില്ല. ആർക്കും താങ്ങാവുന്നതാണ്. അല്ലെങ്കിൽപ്പോലും ഇത് രണ്ടും മാറി വയ്ക്കാവുന്ന ആർട്ടിക്കിൾസാണ്. (ബഹളം)

മി. സ്പീക്കർ: അങ്ങ് തമാശയായിട്ട് പറഞ്ഞതാണെങ്കിലും ഇത് രണ്ടും ആവശ്യമാണ്.

ശ്രീ. കെ.എം. മാണി: ഞാൻ അത് അംഗീകരിക്കുന്നു. തമാശയായിട്ട് പറഞ്ഞതാണെങ്കിൽപ്പോലും.....ഫുഡിനെപ്പറ്റി ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട നായനാരോട് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. അഡീഷണൽ സെയിൽസ് ടാക്സ് വർദ്ധനവ് കൊണ്ട് 100 രൂപയുടെ ഒരു സാധനം വാങ്ങിയാൽ 50 പൈസയല്ലേ ഇപ്പോൾ കൂടിയിട്ടുള്ളൂ. വെറും 50 പൈസയുടെ വർദ്ധനവ് മാത്രമേ ഇപ്പോൾ ഉള്ളൂ. മുമ്പാണെങ്കിൽ 100 രൂപയുടെ സാധനം വാങ്ങിയാൽ സെയിൽസ് ടാക്സ് 10 രൂപ; അപ്പോൾ 110 രൂപ. അതിൻമേൽ 15 ശതമാനമായിരുന്നപ്പോൾ നൂറിപ്പതിനൊന്നര രൂപ അപ്പോൾ 100 രൂപയുടെ സാധനം—10 ശതമാനം നികുതിയുള്ള—വാങ്ങിയാൽ മുമ്പ് നിലവിലുണ്ടായിരുന്നതനുസരിച്ചാണെങ്കിൽ നൂറിപ്പതിനൊന്നര രൂപ കൊടുക്കണം. ഇപ്പോൾ ഈ നികുതി നിർദ്ദേശം കൊണ്ടുവന്നിരിക്കുന്നത് 10 ശതമാനം നിരക്കുള്ള 100 രൂപയുടെ സാധനം വാങ്ങിയാൽ 50 പൈസ കൂടി കൊടുക്കണം. ഇത് സാധാരണക്കാരെ വളരെയധികം ബാധിക്കുന്ന പ്രശ്നമല്ല. ഒരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ല. ഈ നികുതി നിർദ്ദേശം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1985-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ്:—സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

In clause 2, sub-clause (1) shall be deleted.
In clause 2, sub-clause (4) shall be deleted.
In clause 2, sub-clause (6) shall be deleted.
In clause 2, sub-clause (7) shall be deleted.

രണ്ടാമത്തെ ക്ലാസിൽ ഒന്നാമത്തെ സബ്ക്ലാസ്സ് സത്യവാങ്മൂലം കൊടുക്കുമ്പോൾ ഈടാക്കുന്ന ഫീസ് പത്ത് രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അത് രൂപയായിതന്നെ നിലനിർത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതിന്റെ ന്യായങ്ങളെല്ലാം പറഞ്ഞു കഴിഞ്ഞു. സാധാരണക്കാരനായ ഒരാൾ ഒരു സത്യവാങ്മൂലത്തിന് പോയാൽ അഞ്ചു രൂപയുടെ സ്ഥാനത്ത് പത്തുരൂപ കൊടുക്കുകയെന്ന് പറയുന്നത് വലിയ ഭാരമാണ്. ഇത് സാധാരണക്കാരനെ അഫക്ട് ചെയ്യുന്നതല്ലെന്നാണ് ധനകാര്യ മന്ത്രി പറഞ്ഞത്. നേരേമറിച്ച് നിത്യ ജീവിതത്തിൽ വരുന്ന ആവശ്യത്തിനുവേണ്ടിയാകുമ്പോൾ ഇത് ഒഴിവാക്കാൻവയ്യാത്ത കാര്യമാണ്. സാധാരണക്കാരെ പ്രത്യക്ഷമായി ബാധിക്കുന്നതാണ്. അത് നേരേ ഇരട്ടിക്കുന്ന നിർദ്ദേശമാണ്. അതുകൊണ്ട് അത് സഭ സ്വീകരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സുരേന്ദ്രനാഥിന്റെ 5, 6, 7, 8 ഭേദഗതികൾ സഭ വോട്ടിനിട്ട് തള്ളിക്കളഞ്ഞു.

രണ്ടാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്നുള്ള പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടാംവകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: രണ്ടാം വകുപ്പിനെ സംബന്ധിച്ച് ഞാൻ ഭേദഗതി കൊടുത്തിട്ടുണ്ട്.

മി സ്റ്റർ സ്പീക്കർ: അങ്ങയുടെ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാണ്. അത് ക്രമാനുസൃതമല്ല.

ശ്രീമതി കെ. ആർ. ഗൗരി: കടക്കാരനായിട്ടുള്ള ഒരാൾ വസ്തു ഒരാളിന് ഈടു കൊടുക്കുന്നു. തിരികെ വാങ്ങിക്കണമെങ്കിൽ വസ്തു വാങ്ങിച്ചതിനെക്കാളും കൂടുതൽ വില കൊടുക്കണം നൂറ് രൂപയ്ക്ക് പതിനഞ്ചുരൂപയാണ്.

മിസ്റ്റർ സ്പീക്കർ: അതെക്കുറിച്ച് സംസാരിക്കാൻ മൂന്നാം വായനയിൽ സമയം തരാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നിയമസഭാചട്ടം അനുസരിച്ചുള്ള ഒരു ചർച്ചയല്ല ഈ ബില്ലിനെക്കുറിച്ച് നടക്കുന്നത്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. നമ്മൾ എഴുതിവച്ചിരിക്കുന്നതനുസരിച്ച്—

LIBRARY ARCHIVES Kerala Legislative Assembly

The scope of debate on report of a Subject Committee :—

The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill.

ഈ ചർച്ച ഒരുപക്ഷേ പത്രക്കാർക്കും നാട്ടുകാർക്കും ഇഷ്ടപ്പെട്ടില്ലെങ്കിലും വിവരമുള്ളവർ ഇതിനകത്ത് ഉണ്ടായിരുന്നുവെന്ന് രേഖയിൽ കിടക്കട്ടെ.

മിസ്റ്റർ സ്പീക്കർ : ചട്ടപ്രകാരം തന്നെയാണ് നടക്കുന്നത്. അതു കൊണ്ട് കുഴപ്പമില്ല.

ശ്രീമതി കെ.ആർ. ഗൗരി : ശ്രീ. രാധാകൃഷ്ണൻ രണ്ടാം വകുപ്പിൽ ഭേദഗതി കൊടുത്തു. ഭേദഗതി കൊടുത്തവരെ മൂവ് ചെയ്യാൻ അനുവദിക്കണ്ടേ?

മിസ്റ്റർ സ്പീക്കർ : ശ്രീ. രാധാകൃഷ്ണൻ കൊടുത്ത ഭേദഗതി ക്രമാനുസൃതമല്ല. ശ്രീ. രാധാകൃഷ്ണനു പറയാനുള്ളത് മൂന്നാം വായനയിൽ പറയാം.

3-ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ :

13. In clause 3, in Schedule I of the Kerala Plantation Tax Act, 1960 proposed to be substituted :—

(a) in item 2 for the words "Seventy Rupees" substitute the words "Seventy five Rupees"

(b) in item 3 for the words "Ninety Rupees" substitute the words "Hundred Rupees".

(c) in item 4 for the words "One hundred and thirty Rupees" substitute the words "One hundred and fifty Rupees".

ഇതാണ് എന്റെ ഭേദഗതി.

മൂന്നാം വകുപ്പിനെ സംബന്ധിച്ച് ഒരു നിയമതടസ്സമാണ് ഉന്നയിച്ചിരിക്കുന്നത്. അതായത് മൂന്നാം വകുപ്പിനെ സംബന്ധിച്ച് എന്റെ ഭേദഗതി നിലവിലുള്ള ടാക്സിൽ വർദ്ധനവ് വരുത്തണമെന്നുള്ളതാണ്. നിയമസഭാ ചട്ടം 81 സബ് ക്ലാസ് 2 അനുസരിച്ച് ഗവർണറുടെ റെക്കമന്റേഷൻ ഇല്ലാത്തതുകൊണ്ട് അത് ചർച്ചചെയ്യാൻ നിയമം അനുവദിക്കുന്നില്ലെന്നാണ് സ്റ്റാൻഡ്. അതിനുള്ള മറുപടി നിയമസഭാ ചട്ടത്തിൽ എഴുതിവച്ചിരിക്കുന്നത് ശരിയല്ല. ഗവർണ്ണറുടെ റെക്കമന്റേഷൻ ഉണ്ടായിരിക്കണമെന്ന കണ്ടീഷൻ പ്രീസിഡന്റല്ല അതിൽ എനിക്കുള്ള അതോറിട്ടി.

Absence of Governor's recommendation to a bill imposed in the Act. ഞാൻ പറയുന്നത് അങ്ങേയ്ക്കോ പത്രക്കാർക്കോ ഇഷ്ടമല്ലെങ്കിലും രേഖയിൽ കിടക്കട്ടെ.

Governor's assent to the Act published in the gazette, defect cured by the subsequent assent (KLT. 1966 page 809).

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറുടെ റെക്കമൻഡേഷൻ തന്നില്ലെങ്കിലും ഇവിടെ ചർച്ചചെയ്തത് അംഗീകരിച്ച് സബ്സിഡൈസറായിട്ട് ഗവർണ്ണറുടെ അസന്റ് വാങ്ങിച്ചാൽ മതി. മുൻകൂറായിട്ട് ഗവർണ്ണറുടെ അസന്റോടുകൂടിയേ ചെയ്യാവൂയെന്നുള്ള നിഗമനം ശരിയല്ല. ഹൈക്കോടതി റൂൾ ചെയ്തിരിക്കുന്നത് സബ്സിഡൈസറായിട്ട് അസന്റ് തന്നാൽ ആ ഇറഗുലാരിറ്റി ക്യൂവർ ചെയ്യാമെന്നാണ്. ഒരു കണ്ടീഷൻ പ്രീസിഡന്റായിക്കൊള്ളണമെന്ന ഫർപ്പാട് അവസാനിപ്പിക്കണം. ലൂപാറിഷ്ക്കരണനിയമം നടപ്പിലായതിനുശേഷം പ്ലാന്റേഷൻ രംഗത്ത് വന്നിട്ടുള്ള ഇഫക്ട് ഓഫ് ടാക്സേഷൻ എന്താണെന്ന് ഇന്നുവരെ നമ്മൾ അസസ് ചെയ്തിട്ടില്ല. ഡിസന്റിങ് നോട്ടിൽ ഇത് പറഞ്ഞിട്ടുണ്ട്. പ്ലാന്റേഷൻ ടാക്സ് ഏർപ്പെടുത്തിയതിനെ സംബന്ധിച്ചിടത്തോളം പ്ലാന്റർമാർക്കും അതുമായി ബന്ധപ്പെട്ട ചെറുകിട കൃഷിക്കാർക്കും ഉണ്ടായിട്ടുള്ള പ്രയാസം എന്താണെന്ന് ഇനിയെങ്കിലും പരിശോധിക്കണം. അവരുടെമേൽ ടാക്സ് വർദ്ധിപ്പിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ലൂപാറിഷ്ക്കരണനിയമം നടപ്പിൽവന്നതിനുശേഷമുള്ള ഇംപാക്ട് എന്താണെന്ന് നോക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. രണ്ടുമൂന്ന് ട്രൻസ് ഇതിനുള്ളത് പ്രവർത്തിക്കുന്നുണ്ട്. പ്ലാന്റേഷൻ രംഗത്ത് ലൂപരിഷ്ക്കരണനിയമത്തിലെ വ്യവസ്ഥ പരാജയപ്പെട്ടുത്താൻവേണ്ടിയുള്ള പ്രവർത്തനമാണ് ഒന്ന്. മറ്റൊന്ന് ലൂപരിഷ്കരണനിയമം നടപ്പിലായതോടുകൂടി പ്ലാന്റർമാർക്ക് വന്നിട്ടുള്ള പ്രയാസം. ഏതു ശരി ഏത് തെറ്റ് എന്ന് തീരുമാനിച്ചിട്ടില്ല. അങ്ങനെയൊരു ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ ഇല്ലാതെ പ്ലാന്റേഷൻ രംഗത്ത് പുതിയ നികുതി ഏർപ്പെടുത്തുന്നത് ആത്മഹത്യാപരമായിരിക്കും. മാത്രമല്ല ആ രംഗത്തെ കൂടുതൽ മുരടിപ്പിക്കുന്നതിനേ സഹായകമാവുകയുള്ളു. ഓബ്ജക്ടീവ് കണ്ടീഷൻസ് എന്താണെന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടാക്സേഷൻ നടത്താവൂ. അങ്ങനെ ഇവിടെ ചെയ്തിട്ടില്ല.

മിസ്റ്റർ സ്പീക്കർ : അങ്ങയുടെ 13-ാം നമ്പർ ഭേദഗതി തോട്ടം നികുതി വർദ്ധിപ്പിക്കുന്നതിനുള്ളതാണ്. ഭരണഘടനയുടെ 207 (1) 199 (1)എ എന്നീ അനുച്ഛേദങ്ങൾ 31 (2) അസംബ്ലി ചട്ടവുമായി വായിക്കുമ്പോൾ ഇത് അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ ശുപാർശ ആവശ്യമാണ്. അങ്ങനെ ശുപാർശ തന്നിട്ടില്ല. പിന്നീട് മതിയെന്ന് പറയുന്നത് ഇപ്പോഴത്തെ ചട്ടപ്രകാരം ശരിയല്ല. അതിനാൽ ഭേദഗതി ക്രമാനുസൃതമല്ല.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : തോട്ടം നികുതി കൂട്ടണമെന്ന് പറയുന്നവരും കൂട്ടരുതെന്ന് പറയുന്നവരും ഉണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണൻ കൂട്ടരുതെന്ന് പറയുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം തോട്ടം നികുതി കുറച്ച് കൂട്ടണമെന്നുള്ളതാണ്. സമ്പന്നരായ ആളുകളുടെ തോട്ടം നികുതി കൂട്ടണമെന്ന പരിമിതമായ അടിസ്ഥാനത്തിലാണ് നമ്മൾ നികുതി കൂട്ടിയത്. മുതലാളിമാരെ പിടിക്കുന്ന കാര്യത്തിൽ ഒരിക്കലും ഗവൺമെന്റ് പുറകോട്ട് പോവുകയില്ല. ശ്രീ. വർക്കല രാധാകൃഷ്ണൻ എത്ര എതിർത്താലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി എത്ര എതിർത്താലും തോട്ടം നികുതി ഉയർത്തും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി എന്റെ പ്രസ്താവനയെ വളച്ചൊടിക്കുകയാണ്. ലൂപരിഷ്ക്കരണരംഗത്ത് നികുതി കൂട്ടാനാണ് ഞാൻ പറഞ്ഞത്. കൂട്ടണമെന്ന് പറഞ്ഞാണ് ഞാൻ ഭേദഗതി കൊടുത്തിരിക്കുന്നത്.

ശ്രീ. കെ.എം. മാണി : ഭേദഗതിക്ക് എതിരായിട്ടാണ് പ്രസംഗിച്ചത്. പ്രസംഗത്തിന് എതിരായിട്ടാണ് ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

4-ാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

9. In clause 4 sub-clause (4) shall be deleted.

നാലാം വകുപ്പ് പ്രത്യക്ഷമായി സാധാരണ ആളുകളെ സാധാരണ ഉല്പാദകരെ സാധനം വാങ്ങിക്കുന്നവരെയെല്ലാം ബാധിക്കുന്ന കാര്യമാണ്. ഷെഡ്യൂൾ ഉള്ളത് ഹോസിയറി ഗുഡ്സ് ആണ്. ബനിയൻ, അണ്ടർവെയർ, ബ്രേസിയർ തുടങ്ങിയ സാധനങ്ങളാണ്. ഇത് ഉല്പാദിപ്പിക്കുന്ന ആയിരത്തോളം ചെറുകിട ഉല്പന്ന കേന്ദ്രങ്ങൾ തിരുവനന്തപുരം സിറ്റിക്കകത്തുണ്ട്. തൊഴിലൊന്നുമില്ലാത്ത പെണ്ണുങ്ങൾ അഞ്ചാറുപേർ ചേർന്ന് വീട്ടിലിരുന്ന് ബ്രേസിയറും മറ്റും ഉല്പാദിപ്പിക്കുന്നുണ്ട്. അങ്ങനെയുള്ള അനവധി കേന്ദ്രങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. അവിടെയെല്ലാം ടാക്സ് ഏർപ്പെടുത്തി കൺസ്യൂമർ റെസിസ്റ്റൻസ് ഉണ്ടാക്കുകയും ലാർജ് സ്കെയിൽ പ്രൊഡക്ഷൻ വെളിയിൽനിന്ന് ഇറക്കുമതിചെയ്യുന്നവരോട് മൽസരിച്ച് അവരെ തോൽപ്പിക്കാൻ കഴിയുകയും ചെയ്യുന്ന സാഹചര്യം ഈ ക്ലാസ് ഉൾപ്പെടുത്തുകയാണെങ്കിൽ ഉണ്ടാകും. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

Shri Varkala Radhakrishnan : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

14. In clause 4 :—

(a) sub clause (1) shall be deleted and the present provision be retained.

(b) delete sub clause (2) and retain the present provision.

(c) in sub clause (3) against Serial No. 143, in column (4) for the figures '10' substitute the figure '7'.

(d) in sub clause (3) delete the newly inserted Serial number 143A and the entries against it.

(e) in sub clause (4) against Sl. No. 147, in column (4) delete the figure '5' and retain the original figure.

(f) in sub clause (4) delete the newly inserted Serial number 147A and the entries against it.

ഈ ഭേദഗതി കൊടുത്തിരിക്കുന്നത് നേരത്തെ പറഞ്ഞതാണെങ്കിൽക്കൂടി ഒന്നുരണ്ടു വസ്തുതകൾ പറയാനാഗ്രഹിക്കുകയാണ്. ഒരു പ്രിൻസിപ്പിൾ ഉള്ള കാര്യമാണ്. ഈ നികുതി ചുമത്തൽ അധാർമ്മികമാണ്. അശാസ്ത്രീയമാണ്. ഈ നാട്ടിലെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ദുർവ്വഹമായ ഭാരം ചുമത്തലാണ്. ഇന്ന് നിലവിലുള്ളതുതന്നെ കൂടുതലാണ്. ഈ രാജ്യത്തെ സാധാരണക്കാരന്റെമേൽ കൂടുതൽ നികുതി ചുമത്തുന്ന ഈ നിർദ്ദേശത്തെ എന്റെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുകയാണ്. ഒരുകാലത്ത് ഇതിന് മറുപടി കേരളത്തിലെ ജനങ്ങളോട് നിങ്ങൾക്ക് പറയേണ്ടിവരും. ഇതിൽനിന്നും കിട്ടുന്ന വരുമാനം എത്രയാണ്. ടേട്ടലായിട്ട് എത്ര എമൗണ്ട് കിട്ടുമെന്ന് കണക്കാക്കിയിട്ടുണ്ടോ ? അതുകൊണ്ടാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ഇമ്മോറൽ ട്രാക്ക്സേഷൻ ആണെന്ന്. ഇത് മാത്രമല്ല കേവലം 25 ലക്ഷം രൂപയാണ് കിട്ടുന്നത്. 25 ലക്ഷം രൂപയ്ക്ക് ഒരു ലോട്ടറി നടത്തിക്കൂടേ? പാവപ്പെട്ടവരെ എന്തിനാ ബുദ്ധിമുട്ടിക്കുന്നു. മാണി മെമ്മോറിയൽ ലോട്ടറിയോ അല്ലെങ്കിൽ അദ്ധ്വാനവർഗ്ഗ മെമ്മോറിയൽ ലോട്ടറിയോ അതുമല്ലെങ്കിൽ അഡീഷണാലിറ്റി മെമ്മോറിയൽ ലോട്ടറിയോ ഏതെങ്കിലും ഏർപ്പെടുത്തിക്കൂടേ? ഊട്ടി അരുപ്പിനു മുന്തിയരുപ്പൻ കൂട്ടു വേണോ? 25 ലക്ഷം രൂപയ്ക്ക് പിച്ചക്കാശ് എടുക്കണമോ? നിങ്ങടെ എന്തിനാ പാവപ്പെട്ടവന്റെ കയ്യിൽനിന്ന് 25 ലക്ഷം രൂപ പിരിച്ച് നാണംകെടുന്നു. ശ്രീ. മാണിക്ക് ഇനിയെങ്കിലും ധാർമ്മിക ബുദ്ധി അവശേഷിക്കുന്നുണ്ടെങ്കിൽ എന്റെ ഭേദഗതി അംഗീകരിക്കണം. അംഗീകരിക്കുകയില്ലെന്ന്, എനിക്ക് അറിയാം. ഈ നികുതി നിർദ്ദേശം കുറവുചെയ്യാൻ സന്മനോഭാവം കാണിക്കണമെന്ന് ശ്രീ. മാണിയുടെ മനസ്സാക്ഷിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി): ശ്രീ. വർക്കല രാധാകൃഷ്ണനെ വരുന്ന തലമുറക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ റിക്കാർഡിൽ ഉണ്ടായിരിക്കാൻവേണ്ടി നടത്തിയ വിമർശനമാണെങ്കിൽ എനിക്ക് വിഷമമില്ല. നിയമസഭയുടെ ഒരുമിനിട്ട് സമയത്തിനുള്ള വില എത്രയാണെന്ന് അറിയാമോ? ശ്രീ. വർക്കല 25 ലക്ഷം രൂപയേ ഉള്ളുവെന്ന് പറഞ്ഞു. ഈ ചെറിയ സംഖ്യക്കുവേണ്ടി നടത്തിയ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം ഓർക്കുമ്പോഴ് അതിന്റെ ഭാരം എന്താണ്? ബഡ്ജറ് ശരിക്ക് വായിച്ചു നോക്കിയില്ല. തമിഴ് നാട്ടിൽ അഞ്ചുശതമാനമാണ് നികുതി. തമിഴ്നാട്ടിൽ അടിയുടുപ്പിന് അഞ്ചുശതമാനം നികുതി ആകാമെങ്കിൽ കേരളത്തിൽ അടിയുടുപ്പിന് അഞ്ചു ശതമാനം ആകാൻ പാടില്ല. ഇത് എവിടത്തെ ന്യായമാണ്? അയൽ സംസ്ഥാനത്തോടൊപ്പം ആക്കാൻവേണ്ടി മൂന്നുശതമാനമെന്നുള്ളത് അഞ്ചുശതമാനമാക്കി. മാത്രമല്ല മാർച്ചുമാസത്തിൽ ബഡ്ജറ് അവതരിപ്പിച്ചതിനുശേഷം സാധരണക്കാർക്കൊന്നും ഈ പ്രയാസം ഉണ്ടായിട്ടുള്ളതായി ആരും ഒരു പരാതി പറയുകയോ ഗവൺമെന്റിനു തോന്നുകയോ ചെയ്തിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഒരു ബുദ്ധിമുട്ടുമില്ല. അഞ്ചുശതമാനം തന്നെയാണ് നികുതി.

ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ 9-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് തള്ളി.

ശ്രീ. വർക്കല രാധാകൃഷ്ണന്റെ 14-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് തള്ളി.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം വോട്ടിനിട്ടു സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

അഞ്ചാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

15. In clause 5 in serial No.1 appearing under subclause (a)–

(1) in item (a) for the figures "12.00" substitute the figure "10.00".

(2) in item (b) for the figures "15.00" substitute the figures "10.00".

(3) in item (c) for the figures "18.00" substitute the figures "15.00".

(4) in item (d) for the figures "21.00" substitute the figures "17.50".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണി ഇത് അംഗീകരിക്കുമെന്നുള്ള പ്രതീക്ഷയൊന്നുമില്ല. എങ്കിലും പറയാതിരിക്കുന്നത്. ശരിയല്ലല്ലോ ? ഈ കാര്യത്തിൽ ആണ് എനിക്ക് ശക്തിയായ എതിർപ്പ്. ഞാൻ ഒരു വാഹനം ഉപയോഗിക്കുന്നു. കേരള മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് കമ്പർട്ടർലി ടാക്സ് അടയ്ക്കുന്നു. ശ്രീ. മാണിയും അടയ്ക്കുന്നുണ്ടാകും. ഈ രാജ്യത്തെ എല്ലാ വാഹനമുടമസ്ഥൻമാരും കമ്പർട്ടർലി ടാക്സ് അടയ്ക്കുന്നുണ്ട്. ഈ ടാക്സ് ഈ ഗവൺമെൻറിന് പിരിക്കാൻ അർഹതയുണ്ടോ ? ഈ റോഡിൽകൂടി വാഹനങ്ങൾ ഓടിച്ചാൽ അതിൻെറ ആക്സിൽ ഒടിയില്ലേ ? ഏതെങ്കിലുമൊരു വാഹനം വീട്ടിൽനിന്ന് ഇറക്കുന്ന അതേ കണ്ടീഷനിൽ തിരിച്ച് കയറ്റാൻ പറ്റുമോ ? പാവപ്പെട്ടവൻെറ വാഹനമായാലും പണക്കാരൻെറ വാഹനമായാലും നിങ്ങൾ നിഷ്കരുണം നടപടി നടത്തി കമ്പർട്ടർലി ടാക്സ് പിരിക്കുന്നു. അതിന് എന്തു അവകാശമാണുള്ളത് ? ഇത് പിടിച്ചുപറിയല്ലേ ?

What is the morality behind it?

തിരുവനന്തപുരം കോടതിയിൽ ടാക്സ് ബെയറർ ഒരു കേസുകൊടുത്തിട്ടുണ്ട്. ഇതേ പ്രശ്നമാണ്. തിരുവനന്തപുരം കോടതിയിൽ നിലവിലിരിക്കയാണ്. തിരുവനന്തപുരം പട്ടണത്തിൽ ഏത് റോഡുണ്ട് വാഹനം ഓടിക്കാൻ പറ്റിയതായിട്ട്. നഷണൽ ഹൈവേയിൽകൂടി വാഹനം ഓടിക്കാൻ പറ്റുമോ ? ഒരു വാഹനവും ഓടിക്കാൻ കഴിയാത്ത അത്രയും ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് ഈ സംസ്ഥാനത്തുള്ളത്. കേരള സംസ്ഥാനത്തൊട്ടാകെ ഇതാണ് സ്ഥിതി. ബഡ്ജറിൻ എന്താണ് വ്യവസ്ഥ. സർക്കാർ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുക എത്രകോടി ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: വാഹനങ്ങൾക്ക് മാത്രമല്ല നഷ്ടമുണ്ടാകുന്നത്, യാത്രചെയ്യുന്ന ആളുകളുടെ നട്ടെല്ല് ഒടിയുന്നുണ്ടെന്നുള്ളത് അറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഗർഭിണികൾ അറിയാതെ തന്നെ പ്രസവം നടക്കും അതാണ് ഈ റോഡിൻെറ സ്ഥിതി. നിങ്ങൾക്ക് ഈ നികുതി ചോദിക്കാൻ എന്ത് അവകാശമാണ് ഉള്ളത് ? ഏത് അടിസ്ഥാനത്തിലാണ് ചോദിക്കുന്നത് ? നിങ്ങൾ റോഡു നന്നാക്കണം. കോൺട്രാക്ടർമാർക്ക് പണം കൊടുക്കാൻ കഴിയാത്ത ഗവൺമെൻറാണ്. അടിയന്തിരമായി റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. ഒരു കാരണവശാലും ടാക്സ് പിരിക്കാൻ പാടില്ല.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി): സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ റോഡിൻെറ സ്ഥിതി എന്താണെന്ന് ചോദിച്ചു. റോഡു മോശമാകുന്നത് വണ്ടികൾ ഓടുന്നതുകൊണ്ടാണ്. ശ്രീ. രാധാകൃഷ്ണൻെറ വാഹനം തിരുവനന്തപുരം നഗരത്തിൽകൂടി ഓടുന്നതുകൊണ്ട് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട രാധാകൃഷ്ണനും റോഡു നന്നാക്കാൻവേണ്ടി എന്തെങ്കിലും തരണം. ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്, 'വാഹനഗതാഗതംമൂലം കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ യാതൊരു കുറവും വരാതെ ക്രമമായി നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ വിഭവസമാഹരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന പ്രൈവറ് വാഹനങ്ങളുടെ നികുതി അല്പംകൂടി വർദ്ധിപ്പിക്കേണ്ടത് ആവശ്യവും നീതിയുക്തവുമാണെന്ന് ഞാൻ കരുതുന്നു' എന്നാണ്. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇതൊന്നും പാവപ്പെട്ടവരെ ബാധിക്കുന്നതല്ല. കഴിവുള്ള ആളുകളാണ് ഇങ്ങനെയുള്ള കാറുകളും ഉപയോഗിക്കുന്നത്. എത്രയാണ് കൂട്ടിയത്? ഒരല്പമാത്രമെ കൂട്ടിയിട്ടുള്ളു. അത് അൺ-ബെയറബിളായിട്ടുള്ള കാര്യമൊന്നുമല്ല. അല്പം വിഷമം ഉണ്ട്, അതു സഹിക്കണം. അതുകൊണ്ട് ഇത് ആവശ്യമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച 15-ാം നമ്പർ ഭേദഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു. 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ആറാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: ഇതിൽ എതിർപ്പുള്ള പ്രധാനപ്പെട്ട ഭാഗം ബെസ്റ്റ് ഓഫ് ജഡ്ജ്മെന്റ് അസെസ്മെന്റിനെ സംബന്ധിച്ചാണ്. ബെസ്റ്റ് ഓഫ് ജഡ്ജ്മെന്റ് അസെസ്മെന്റ് പ്രത്യേകിച്ചും എയർ കണ്ടീഷൻസ് ചെയ്ത ബാറുള്ള ഹോട്ടലുകളിലും ലോഡ്ജുകളിലും പോയി പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും അവരുടെ മേലുദ്യോഗസ്ഥന്മാർക്കും അവരുടെ ബസ്റ്റ് ഓഫ് ജഡ്ജ്മെന്റ് അസെസ്മെന്റ് എക്സർസൈസ് ചെയ്യാനുള്ള സൗകര്യം നിയമംമൂലം ഉണ്ടാക്കി കൊടുത്താൽ സംഭവിക്കുന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആഗ്രഹിക്കുന്നതു പോലെ നികുതി വസൂലാക്കൽ വർദ്ധിക്കുകയല്ല കുറയുകയാണ് ചെയ്യുൻ പോകുന്നതെന്നുള്ള സത്യം മനസ്സിലാക്കണം. ചില അഴിമതിക്കാർക്ക് വാതിൽ തുറന്നു കൊടുക്കുകയാണ് ചെയ്യുന്നത്. നിയമപരമായിട്ടും തെറ്റാണ്, മോറലായിട്ടും തെറ്റാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറയുന്നതുപോലെ ധാർമ്മികമായും തെറ്റാണ്, രാഷ്ട്രീയമായും തെറ്റാണ്, നിയമപരമായും തെറ്റാണ്, വരുമാനം കുറയ്ക്കുന്നതാണ്. ഇതാണ് എനിക്ക് ഇതിനോടുള്ള ഒബ്ജക്ഷന്റെ പ്രധാനപ്പെട്ട ഭാഗം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. In clause 6, after the words "all relevant meterials gathered by it" insert the words "and also the facts placed before it by the proprietor".

തിരുവനന്തപുരം പോലുള്ള പല പട്ടണങ്ങളിലുമുള്ള ഹോട്ടലുകളിലും മറ്റും നികുതി ചുമത്തുന്നതിന് ഇന്ന് ഏർപ്പെടുത്തിയിരിക്കുന്ന നിയമത്തിൽ ചില പോരായ്മകളുണ്ട്. നികുതി ചുമത്തണ്ട എന്നു ഞാൻ പറയുന്നില്ല, ന്യായമായ നികുതി ചുമത്തണം. നികുതി ചുമത്തുന്നതിൽ ഞാൻ എതിരല്ല. അങ്ങനെ നികുതി ചുമത്താവുന്ന ഒരു മേഖലയാണിതെന്നും ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കൊണ്ടുവരുന്ന എല്ലാ നികുതികൾക്കും ഞാൻ എതിരല്ല. എനിക്ക് വിവരമുള്ളതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. നിങ്ങൾ അങ്ങനെയല്ല, നിങ്ങൾ എല്ലാത്തിനും എതിരാണ്. നികുതി ചുമത്തുമ്പോൾ അനുഷ്ഠിക്കേണ്ട ഒരു നടപടിക്രമത്തെക്കുറിച്ചാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അസെസ്സിങ്ങ് അതോറിറ്റി സ്വന്തം നിലയിൽ അന്വേഷണം നടത്തി അസെസ്മെന്റ് നടത്തുന്ന സമ്പ്രദായം ഉണ്ട്. എന്നാൽ പ്രൊപ്രൈറ്ററുടെ സമാധാനം വാങ്ങിയിട്ട് ആ സമാധാനം പരിശോധിക്കാൻകൂടി ഈ അസെസ്സിംഗ് അതോറിറ്റി ബാദ്ധ്യസ്ഥനല്ല. അതുകൊണ്ട് പ്രൊപ്രൈറ്റർ കൊടുക്കുന്ന സമാധാനവും Sue moto നടത്തുന്ന അന്വേഷണവും രണ്ടുംകൂടി പരിഗണിച്ചു മാത്രമേ ഇതിന് ഒരു തീരുമാനം എടുക്കാൻ പാടുള്ളു. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ രാമായണം മുഴുവൻ വായിച്ചിട്ട് രാമൻ ആരാണ് എന്ന് ചോദിക്കുന്നതുപോലെയാണിത്. ഈ നിയമം മുഴുവൻ വായിച്ചു, ഭേദഗതിയും കൊണ്ടുവന്നു. അസ്സെസ്സിയുടെ അഭിപ്രായം കൂടി ഒന്ന് കേട്ട് പരിശോധിച്ചിട്ടുവേണം ചെയ്യാൻ എന്നുള്ള അമെൻറുമെൻറാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പ്രൊവൈസോ മുഴുവൻ വായിച്ചിട്ടില്ല.

There is a proviso under the Section.

Provided that before taking action under this Sub Section, the proprietor shall be given a reasonable opportunity of being heard and, where a return has been submitted, to prove the correctness or completeness of such return.

അങ്ങനെയുള്ള ഒരു പ്രൊവൈസോ ഉണ്ട്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അത് വായിച്ചിട്ടില്ല. വായിച്ചിരുന്നുവെങ്കിൽ ഈ അമൻറുമെൻറിന്റെ ആവശ്യമില്ലായിരുന്നു. അതുകൊണ്ട് ഈ പ്രൊവൈസോ ഉണ്ട്, അസ്സെസ്സിയെ കേൾക്കുന്നതിനുള്ള സാഹചര്യവും സൗകര്യവും കൊടുത്തിരിക്കുന്നതുകൊണ്ട് ഒരു കുഴപ്പവും ഉണ്ടാകില്ല.

ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞ ഒരു കാര്യം ഉണ്ട്. ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറ് അസ്സെസ്മെൻറ് ഉണ്ടായാൽ നികുതി കൂടുമോ കുറയുമോ എന്ന് അദ്ദേഹം ചോദിച്ചു. ഇവിടെ ഒരു കാര്യം ഉണ്ട്. ഈ രാജ്യത്ത് നികുതി കൊടുക്കുന്നവർ മുഴുവൻ സത്യസന്ധമായ കണക്കുകൾ കൊടുക്കുന്നുവെന്ന് persume ചെയ്യുകയാണെങ്കിൽ ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞത് ശരിയാണ്. എന്നാൽ അങ്ങനെയല്ല. നമ്മുടെ ജനറൽ സെയിൽസ് ടാക്സ് ആക്ടിൽ തന്നെ ബെസ്റ്റ് ഓഫ് ജസ്ജ്മെൻറിന് പ്രൊവൈസോ ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു ചോദ്യം. നിങ്ങൾ പറഞ്ഞു അസ്സെസ്മെൻറ് നടത്തുന്നതിനുമുമ്പ് അസ്സെസ്സിയെ കേൾപ്പിക്കുന്നതാണെന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

Provided that before taking action under the Sub Section Before taking action ആണ്. ഇത് ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ്. Before taking assessment അല്ല. അസ്സെസ്മെൻറ് വരുകയാണെങ്കിൽ അയാളെ കേൾപ്പിക്കാൻ ഒരവകാശമില്ലേ? അത് ഭരണഘടനാപരമായ അവകാശമാണ്.

ശ്രീ. കെ. എം. മാണി : സർ, ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറിലെ ആക്ഷൻ എന്നു പറയുന്നത് ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറിൽ കടക്കുന്നതിനുമുമ്പ് He shall be given an opportunity for being heard അതായത് ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറിൽ കടക്കുന്നതിനുമുമ്പ് അസ്സെസ്സിയുടെ അഭിപ്രായംകൂടി കേൾക്കണം. അതുകൂടി കേട്ടിട്ടേ ഇതിലേക്ക് കടക്കാവൂ. എന്ന് പറഞ്ഞിരിക്കേ ഈ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. അതാണ് ആക്ഷൻ. അല്ലാതെ പീനൽ ആക്ഷൻ എനിക്ക് മനസ്സിലാകുന്നില്ല.

ഞാൻ പറഞ്ഞുവന്നത് കേരള ജനറൽ സെയിൽസ് ടാക്സ് ആക്ടിൽ 17(3)-ൽ ഇപ്പോഴേ തന്നെ ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറിലെ ഒരു വകുപ്പ് ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ സെയിൽടാക്സ് വരുമാനം എത്രയോ കുറയുമായിരുന്നു. അപ്പോഴേ പല കേസുകളെ സംബന്ധിച്ചിടത്തോളവും ബെസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് ജഡ്ജ്മെൻറിലെ പ്രൊവിഷൻ വച്ചുകൊണ്ട് യഥാർത്ഥ വിറ്റുവരവിനുള്ള നികുതി ചുമത്തുന്നതുകൊണ്ടാണ് ഇത്രമാത്രം നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. ലക്ഷ്വറി ഹോട്ടലുകളുടെ കാര്യത്തിൽ ബെസ്റ്റ് ഓഫ് ജഡ്ജ്മെൻറിൽ ഈ ഒരു പ്രൊവിഷൻ ഇല്ലാതിരുന്നതുകൊണ്ട് നികുതി കുറഞ്ഞുപോയി. അതുകൊണ്ട് അതിനു വേണ്ടി കൊണ്ടുവന്നിരിക്കുന്ന നിയമ നിർമ്മാണമാണ്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥിന്റെ ഉൽക്കണ്ഠയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച 16-ാം നമ്പർ ഭേദഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു. 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

7-ാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ് : സർ, 7-ാം വകുപ്പിൽ പറയുന്നത് 1978-ലെ അഡീഷണൽ സെയിൽസ് ടാക്സ് ആക്ട് പ്രകാരമുള്ള വിൽപ്പന നികുതി 15 ശതമാനത്തിൽനിന്ന് 20 ശതമാനമായി വർദ്ധിപ്പിക്കണമെന്നാണ്. അഡീഷണൽ സെയിൽടാക്സിലെ ഒറിജിനൽ ആക്ട് ഞാൻ നോക്കി. ഏഴാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ആൻറിസിപ്പേറ്റ് ചെയ്തുകൊണ്ട് ആ റിപ്പോർട്ട് വരുന്നതുവരെയുള്ള ഒരു അന്തരാള ഘട്ടത്തിലേക്ക് മാത്രം താൽക്കാലികമായി 5 ശതമാനം നികുതി കൂട്ടുന്നു എന്നുള്ളതാണ്. ആ 5 ശതമാനം കൂട്ടൽ എടുത്തുകളഞ്ഞിട്ട് പിന്നീട് ഒരു കൊല്ലത്തേക്കു വേണ്ടികൂടി കൂട്ടാം. ഇങ്ങനെ ഇതിപ്പോഴും ശാശ്വതമായി വന്നിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാന സങ്കൽപ്പംതന്നെ വളരെ അടിയന്തിരമായ പരിതസ്ഥിതിക്കുവേണ്ടി ഏർപ്പെടുത്തുന്ന ഒന്നാണ്. സെയിൽസ് ടാക്സ്, പിന്നീട് അഡീഷണൽ സെയിൽസ് ടാക്സ്, ഇങ്ങനെ ഏർപ്പെടുത്തുന്നതിന്റെ യുക്തി എന്താണ്, ന്യായം എന്താണ്, ധാർമ്മികമായ വശം എന്താണ് ? എങ്കിൽപ്പിന്നെ നേരെചൊവ്വേ കേരളത്തിലെ സെയിൽസ് ടാക്സ് 20 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ പോരേ ഈ വളഞ്ഞവഴി എന്തിനാണ് സ്വീകരിക്കുന്നത് ? ഈ വളഞ്ഞ വഴിയേയുള്ളു. അതാണ് കാര്യം. ഇതിനകത്ത് അഞ്ചു ശതമാനം കൂട്ടുന്നു എന്നുള്ളത് സ്ഥിരമായി കൂട്ടാനാണ്. ഈ അഞ്ചു ശതമാനം കൂട്ടുന്നത് എട്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും കൂടി ഡൽഹിയിൽപോയി ശരിയാക്കി എടുക്കുന്നതുവരെയ്ക്കും എന്നു പറഞ്ഞിരുന്നുവെങ്കിൽ അത് ശരിയല്ലെന്നും മനസ്സിലാക്കാൻ കഴിയുമായിരുന്നു. അങ്ങനെയും പറയുന്നില്ല. അതിനുപകരം ഒരു പൊട്ടഷോപ്പിനുപോലും ആചന്ദ്രതാരമേ സന്തതിപ്രവേശമേ '20' ശതമാനമാക്കി വർദ്ധിപ്പിക്കുന്നു എന്നാണ് പറയുന്നത്. ഇതിന്റെ അടിസ്ഥാനംതന്നെ തെറ്റാണ്, അധാർമ്മികമാണ്, അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇത് നയപരമായ ഒരു എതിർപ്പാണ്.

This is Act 20 of 1978.

ഈ അഡീഷണൽ സെയിൽസ് ടാക്സ് ആക്ട് ശ്രീ. പി. കെ. വാസുദേവൻ നായരുടെ കാലത്ത് കൊണ്ടുവന്നതായിരിക്കും. ഏതായാലും ഈ ഗവൺമെൻറ് കൊണ്ടുവന്നതല്ലത്. അപ്പോഴും അഡീഷണൽ സെയിൽസ്

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് അധാർമ്മികമാണെന്ന് ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറയുന്നത് ശരിയല്ല. എന്തായാലും മുൻകാല ഗവൺമെന്റുകളും കൊണ്ടുവന്നതാണിത്. അതിൽ 15 ശതമാനംവരെ ഈടാക്കാൻ വ്യവസ്ഥയുണ്ടെങ്കിൽ ആ റേറ് 20 ശതമാനമാക്കുന്നത് അന്യായമോ അധർമ്മമോ അല്ല. മറ് പല രാജ്യങ്ങളിലും ഇതുണ്ട്. ഇതൊരു പെറിയ കാര്യമാണ്. ഇതിനു വലിയൊരു വഴക്കുണ്ടാക്കിയിട്ട് കാര്യമൊന്നുമില്ല. നമുക്ക് വളരെ ഉത്തമമായിട്ടുള്ള ഒരു നിർദ്ദേശം കൊണ്ടുവന്നു എന്നുമാത്രമേയുള്ളു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞാൻ, 'പോയം' ആവശ്യപ്പെടുകയാണ്.

(താഴെപ്പറയും പ്രകാരം സഭ വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—65

1	ശ്രീ. ഇ. അഹമ്മദ്
2	,, സി. ടി. അഹമ്മദ് അലി
3	,, കെ. അവുക്കാദർകുട്ടിനഹ
4	,, തെന്നല ജി. ബാലകൃഷ്ണ പിള്ള
5	,, പി. കെ. കെ. ബാവ
6	,, യു. എ. ബീരാൻ
7	,, ബെന്നി ബഹനാൻ,
8	,, പി. മോസ്കരൻ
9	,, വി. ദിനകരൻ
10	,, എം. പി. ഗംഗാധരൻ
11	,, എ. ജോർജ്ജ്
12	,, പി. സി. ജോർജ്ജ്
13	,, കെ. എം. ഹംസക്കുഞ്ഞ്
14	,, എം. എം. ഹസ്സൻ
15	,, എ. എൽ. ജേക്കബ്
16	,, റ്റി. എം. ജേക്കബ്
17	,, സി. ജി. ജനാർദ്ദനൻ
18	,, റ്റി. എസ്. ജോൺ
19	,, എ. സി. ജോർജ്ജ്
20	ഡോക്ടർ കെ. സി. ജോസഫ്
21	ശ്രീ. കെ. സി. ജോസഫ്
22	,, വി. വി. ജോസഫ്
23	,, കെ. കെ. നായർ
24	ശ്രീമതി എം. കമലം
25	ശ്രീ. കെ. ജി. ആർ. കർത്താ
26	,, ജി. കാർത്തികേയൻ
27	,, പി. കെ. കുഞ്ഞാലിക്കുട്ടി
28	,, മണിമംഗലത്ത് കുട്ട്യാലി
29	,, ഇ. ജെ. ലൂക്കോസ്
30	,, കെ. പി. എ. മജീദ്
31	,, കെ. എം. മാണി
32	,, എം. വി. മാണി

LIBRARY ARCHIVES Kerala Legislative Assembly

33 ശ്രീ. കെ. മുഹമ്മദാലി
34 ,, പി. എ. മുഹമ്മദ് കുട്ടി
35 ,, ടി. എച്ച്. മുസ്തഫ
36 ,, കെ. എസ്. നാരായണൻ നമ്പൂതിരി
37 ,, കെ. പി. നൂറുദ്ദീൻ
38 ,, ഉമ്മൻചാണ്ടി
39 ,, സി. വി. പത്മരാജൻ
40 ,, തച്ചടി പ്രഭാകരൻ
41 ,, കെ. രാഘവൻ മാസ്റ്റർ
42 ,, രാഘവൻ പൊഴക്കാവിൽ
43 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
44 ,, എസ്. രാമചന്ദ്രൻ പിള്ള
45 ,, രമേശ് ചെന്നിത്തല
46 ,, തോപ്പിൽ രവി
47 ,, പി. സീതിഹാജി
48 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
49 ,, കടവൂർ ശിവദാസൻ
50 ,, നീലകണ്ഠൻ സുപ്പി
51 ,, കെ. കെ. ശ്രീനിവാസൻ
52 ,, എൻ. ശ്രീനിവാസൻ
53 ,, പന്തളം സുധാകരൻ
54 ,, കോട്ടക്കുഴി സുകുമാരൻ
55 ,, സി. എം. സുന്ദരം
56 ,, എൻ. സുന്ദരൻ നാടാർ
57 ,, വി. സുരേന്ദ്രൻ പിള്ള
58 ,, പി. പി. തങ്കച്ചൻ
59 ,, സി. എഫ്. തോമസ്
60 ,, കെ. കെ. തോമസ്
61 ,, പി. സി. തോമസ് (തിരുവല്ല)
62 ,, തോമസ് കല്ലംപള്ളി
63 ,, പി. കെ. വേലായുധൻ
64 ,, റെനി. വി. വിജയരാജൻ
65 ,, എൻ. ശക്തൻ നാടാർ

പ്രതികൂലിക്കുന്നവർ—52

1 ശ്രീ. ടി. കെ. അബ്ദു
2 ,, പി. എം. അബൂബേക്കർ
3 ,, കെ. പി. അവിന്ദാക്ഷൻ
4 ,, ടി. കെ. അറുമുഖൻ
5 ,, ബേബി ജോൺ
6 ,, കോടിയേരി ബാലകൃഷ്ണൻ
7 ,, ഒ. ഭരതൻ
8 ,, കെ. ആർ. ചന്ദ്രമോഹനൻ
9 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10 ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
11 ,, സിറിയക് ജോൺ
12 ശ്രീമതി പി. ദേവുട്ടി

LIBRARY ARCHIVES Kerala Legislative Assembly

13 ശ്രീമതി കെ. ആർ. ഗൗരി
14 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15 ,, ടി. കെ. ഹംസ
16 ,, കെ. ഇ. ഇസ്മയിൽ
17 ,, എം. ജിനദേവൻ
18 ,, ജോസ് കുറ്റിയാനി
19 ,, ഇ. കെ. നായനാർ
20 ,, വി. സി. കബീർ
21 ,, എം. കെ. കേശവൻ
22 ,, വി. കേശവൻ
23 ,, സി. ടി. കൃഷ്ണൻ
24 ,, കെ. കൃഷ്ണൻകുട്ടി
25 ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26 ,, കെ. ടി. കുമാരൻ
27 ,, പി. കുമാരൻ
28 ,, പി. വി. കുഞ്ഞിക്കണ്ണൻ
29 ,, ലോനപ്പൻ നമ്പാടൻ
30 ,, സി. പി. മൂസാൻകുട്ടി
31 ,, കെ. മൂസക്കുട്ടി
32 ,, എ. കെ. പത്മനാഭൻ
33 ,, ഇ. പത്മനാഭൻ
34 ,, കെ. പി. പ്രഭാകരൻ
35 ,, കെ. പുരുഷോത്തമൻ
36 ,, വർക്കല രാധാകൃഷ്ണൻ
37 ,, എം. വി. രാഘവൻ
38 ,, വി. കെ. രാജൻ
39 ,, കാനം രാജേന്ദ്രൻ
40 ,, കെ. ശങ്കരനാരായണ പിള്ള
41 ,, എ. കെ. ശശീന്ദ്രൻ
42 ,, എ. സി. ഷൺമുഖദാസ്
43 ഡോക്ടർ എ. സുബ്ബറാവു
44 ശ്രീ. കെ. വി. സുരേന്ദ്രനാഥ്
45 ,, എ. വി. താമരാക്ഷൻ
46 ,, സി. കെ. തങ്കപ്പൻ
47 ,, വി. ജെ. തങ്കപ്പൻ
48 ,, എസ്. ആർ. തങ്കരാജ്
49 ,, പി. സി. തോമസ് (കടുത്തുരുത്തി)
50 ,, ആർ. എസ്. ഉണ്ണി
51 ,, ജി. വരദൻ
52 ,, സി. വാസുദേവമേനോൻ

അനുകൂലിക്കുന്നവർ — 65
പ്രതികൂലിക്കുന്നവർ — 52
നിഷ്പക്ഷർ — ആരും ഇല്ല

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വായന

Minister for Finance and Law (Shri K. M. Mani) : Sir, I move that the bill may be finally passed.

Minister for Home (Shri Vayalar Ravi) : I second it.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ബിൽ തകർന്നുകൊണ്ടിരിക്കുന്ന ഒരു തറവാട്ടിലെ കാരണവരുടെ പാപ്പർ ഹർജി നിയമമാക്കുന്നതിനു തുല്യമാണ്. സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് ജനങ്ങളുടെ ക്രയവിക്രയ ശേഷിയെ പ്രതികൂലമായി ബാധിക്കുന്ന നിരവധി നികുതി നിർദ്ദേശങ്ങളുമായിട്ടാണ് വന്നിരിക്കുന്നത്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ നികുതി വർദ്ധനവ് വളരെ ദുസ്സഹമാണ്. വളരെ ദുസ്സഹമായ ഒരു നികുതി വർദ്ധനവാണ് ഈ ബിൽ പാസാകുന്നതോടുകൂടി നടപ്പിൽ വരുന്നത്. അതിൽ ഒന്ന് സ്റ്റാമ്പ് ആക്ടിനെ സംബന്ധിച്ചാണ്. ഈ രാജ്യത്തെ ഒരു സാധാരണ പൗരന് ഒരു സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തികിട്ടണമെങ്കിൽ ഏതാണ്ട് അഞ്ചുരൂപ മുതൽ പത്തുരൂപവരെ കൊടുക്കണം. അതുപോലെതന്നെ ഒരു സാധാരണ പൗരൻ കോടതിയിൽ ചെന്ന് ഒരു ശരിപകർപ്പ് എടുക്കണമെങ്കിൽ രണ്ടരരൂപ മുതൽ അഞ്ചുരൂപ വരെ നികുതി കൊടുക്കേണ്ട സ്ഥിതിവിശേഷമാണ് ഈ ബിൽ പാസാകുന്നതുമുതൽ സംസ്ഥാനത്തുണ്ടാകുന്നത്. കഴിഞ്ഞതവണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് നികുതി വർദ്ധിപ്പിച്ചതിന്റെ ദുസ്സഹമായ ഭാരം ഇന്നും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിലുപരി സ്റ്റാമ്പ് ആക്ടിൻമേൽ ഉള്ള ഈ നികുതി വർദ്ധനവ് ആധുനിക ചിന്താഗതികൾക്ക് വിരുദ്ധമാണ്. നമ്മുടെ രാജ്യത്ത് പലപ്പോഴും പറയുന്ന ഒരു കാര്യമാണ്, പാവങ്ങൾക്ക് നിയമസഹായം കൊടുക്കണമെന്നുള്ളത്. പാവങ്ങൾക്ക് നിയമസഹായം കൊടുക്കുന്നതിന് ഒരു ബോർഡ് പോലും ഈ കേരള സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ശ്രീമാൻ മാണി ആ ബോർഡിന്റെ ചെയർമാനാണ്. അദ്ദേഹത്തെ ചെയർമാനാക്കുന്നതിനു വേണ്ടി ഹൈക്കോടതിയെപോലും വിട്ടുകൊണ്ട് ചില നടപടികൾ എടുത്ത കാര്യം ഓർക്കണം. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ നീതി അല്പമെങ്കിൽ അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് അങ്ങേയറ്റം കുറഞ്ഞചെലവിൽ കിട്ടണം. അതാണ് ഒരു പൗരന്റെ ആവശ്യം. നമുക്ക് സ്വാതന്ത്ര്യം കിട്ടി മുപ്പത്തെട്ടുകൊല്ലത്തിനുശേഷവും നീതി ലഭിക്കുന്നതിന് വലിയ വില കൊടുക്കണമെന്നുള്ള സമ്പ്രദായം അവശേഷിച്ചിരിക്കുകയാണ്. കോർട്ട് ഫീസ് ആക്ട് അനുസരിച്ചുള്ള നികുതിവർദ്ധനവും, സ്റ്റാമ്പ് ആക്ട് അനുസരിച്ചുള്ള നികുതി വർദ്ധനവും, സ്യൂട്ട് വാല്യുവേഷൻ ആക്ട് അനുസരിച്ചുള്ള നികുതി വർദ്ധനവും എല്ലാം പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം താങ്ങാനാകാത്ത ഭാരമാണ്. അതുകൊണ്ട് ഇതു നിറുത്തലാക്കണമെന്ന് ഇൻഡ്യയിലെ പുരോഗമന ചിന്താഗതിക്കാരും ജനങ്ങളും ആവശ്യപ്പെടുന്നു. Justice to the poor. Not only to the poor but also to the door steps.

LIBRARY ARCHIVES Kerala Legislative Assembly

അവന്റെ വീട്ടുപടിക്കൽ നീതി ലഭിക്കുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്. അതിന് സഹായകരമാണോ ഈ സ്റ്റാമ്പ് ആക്ടിൽ ഉള്ള വർദ്ധനവ് ? ഇങ്ങനെ വർദ്ധനവ് വരുത്തിയാൽ നാട്ടിലെ പാവപ്പെട്ടവർക്ക് നീതി ലഭിക്കുകയില്ല. സ്റ്റാമ്പ്ഡ്യൂട്ടിയുടെ വർദ്ധനവിന്റെ ഫലമായി ഈ നാട്ടിൽ അഡ്മിനിസ്ട്രേഷണൽ ജസ്റ്റീസിന് അങ്ങേയറ്റം വില കൊടുക്കേണ്ടതായി വരുന്നു. നമ്മുടെ സുപ്രീം കോടതിയിലെ ജസ്റ്റീസ് കൃഷ്ണയ്യർ തുടങ്ങിയ നിയമ പണ്ഡിതൻമാരെല്ലാം വളരെ ശക്തിയായി ഈ രംഗത്തുള്ള നികുതി സമ്പ്രദായം അവസാനിപ്പിക്കണമെന്ന് വാദിക്കുകയാണ്. സ്റ്റാമ്പ് ആക്ടിൽ ഉള്ള നികുതി കുറയ്ക്കണം. കോർട്ട് ഫീസ് അവസാനിപ്പിക്കണം അങ്ങനെ വാദിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കേരളാ ഗവൺമെന്റ് കേരളാ അസംബ്ലിയിൽ ഈ രംഗത്ത് നികുതി വർദ്ധിപ്പിക്കുന്ന നികുതി നിർദ്ദേശവുമായി വന്നിരിക്കുകയാണ്. നിയമം പാസാക്കുകയാണ്. നമ്മുടെ രാജ്യത്തെ ആധുനിക ചിന്താഗതിക്കാരെല്ലാം ഈ ടാക്സേഷൻ നിയമത്തിനെതിരാണ്. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. പാവപ്പെട്ടവന് നിയമസഹായം കിട്ടണം, പാവപ്പെട്ടവന് നീതി ലഭിക്കണമെന്ന മുദ്രാവാക്യം മുഴക്കുകയും അതിനുവേണ്ടി ബോർഡുകൾ രൂപീകരിക്കുകയും ഒരു ഭാഗത്ത് നടക്കുമ്പോൾ അവന്റെമേൽ ഭാരം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നികുതി നിർദ്ദേശങ്ങൾ കാലാകാലങ്ങളിലായി സർക്കാർ കൊണ്ടുവന്നു കൊണ്ടിരിക്കുകയാണ്. ഈ ഫൈനാൻസ് ബില്ലിനെ അതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. പാവപ്പെട്ടവന്റെ തലയിൽ കൂടുതൽ ഭാരം കെട്ടിവയ്ക്കുന്ന ഈ നികുതി നിർദ്ദേശം ഈ വൈകിയ വേളയിലെങ്കിലും കുറവു ചെയ്യണം എന്നു ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയോട് ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇതൊരു പാപ്പരായ ഗവൺമെന്റിന്റെ പാപ്പർഹർജി എന്നൊക്കെ പറയുന്നു. ഇത് പാപ്പരായ ഗവൺമെന്റല്ല സർ. കഠിനാദ്ധ്വാനം കൊണ്ട് അന്നന്നത്തെ കാര്യങ്ങൾ യാതൊരു ബുദ്ധിമുട്ടും മുടക്കവും കൂടാതെ നടത്തിക്കൊണ്ടുപോകുന്ന നല്ലൊരു തറവാടാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് പറയുകയാണ് പാപ്പർഹർജി വാദിക്കുന്നതുപോലെ നമ്മൾ ഈ കാര്യങ്ങളെ കാണരുത്. സ്വന്തം പേരിലുള്ള സ്വത്ത് ഭാര്യയുടേയോ മറ്റുള്ളവരുടെയോ പേരിലാക്കിയിട്ട് പാപ്പരാണെന്നു പറഞ്ഞ് കോടതിയിൽ പോയി നടത്തുന്ന വാദം പോലെയാകരുത് നമ്മുടെ വാദങ്ങളും വിലയിരുത്തലുകളും. വസ്തുതകളെ വസ്തുതകളായി കാണണം. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ഏത് സാഹചര്യത്തിൽകൂടി.....

ശ്രീ. എം. വി. രാഘവൻ : സാധാരണ നമ്മുടെ നാട്ടിലും ഭിക്ഷക്കാരും ഇങ്ങനെയാണ് പറയാറുള്ളത്. അതാതു ദിവസത്തെ വകയ്ക്ക് അതാതു ദിവസമുണ്ടാക്കി നല്ല തറവാടിത്തത്തോടുകൂടി ജീവിക്കുന്നുവെന്ന്. ആ ഭിക്ഷക്കാരുടെ കണക്കിലേ ഈ ഗവൺമെന്റ് പെടുകയുള്ളൂ.

ശ്രീ. കെ. എം. മാണി : ഭിക്ഷക്കാരോട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിക്ക് പുച്ഛമാണ്. മി. എം. വി. രാഘവാ നിങ്ങൾ ഇതിനെ ഉപമിക്കുന്നത് / ഭിക്ഷക്കാരോടാണോ ? ഇവരുടെയൊക്കെ പുരോഗമനം എന്താണ് ? ഈ രാജ്യത്തിലെ പാവപ്പെട്ടവനും ഭിക്ഷക്കാരനുമൊക്കെ ഈ സമൂഹത്തിലെ അംഗങ്ങളാണ്. അത് കാണാനുള്ള കഴിവോ വിശാലമായ വീക്ഷണമോ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെപോകുന്നത് വളരെ സങ്കടകരമായ കാര്യമാണ്. ഞാൻ വാദത്തിലേക്കൊന്നും പ്രവേശിക്കുന്നില്ല. ഇത് എത്രയുംവേഗം പാസാക്കിത്തരണം.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ രണ്ടു മൂന്ന് കാര്യങ്ങളെ മാത്രമെ പറയുന്നുള്ളു. 22½ കോടി രൂപയുടെ സേവിംഗ് ഉണ്ടാക്കാനാണെന്നാണ് പറയുന്നത്. ആദായം വരുത്താനെന്നാണ് പറയുന്നത്. 22½ കോടി രൂപ പുതിയ നികുതി അടിയുടുപ്പുകൊക്കും മറ്റു സാധനങ്ങൾക്കുമായി ഏർപ്പെടുത്താതെതന്നെ ഈ സർക്കാർ സാമാന്യമായി ഒരു "ഇക്കോണമി" പ്രാക്ടീസ് ചെയ്തിരുന്നുവെങ്കിൽ, സാമാന്യം ചുരുക്കി ചെലവു ചെയ്യണമെന്നുള്ള ഒരു ധാരണ ഇവർക്കുണ്ടായിരുന്നുവെങ്കിൽ 22½ കോടി ലാഭിക്കാൻ എന്തെങ്കിലും പ്രയാസമുണ്ടോ ? 330 കോടി രൂപയുടെ പ്ലാൻ നടപ്പിലാക്കാനാണ് ഇക്കൊല്ലം 22½ കോടി ഈടാക്കാൻ പോകുന്നത്. ഇതു നടക്കുമോ ? 22½ കോടി രൂപ കൊണ്ട് 330 കോടി രൂപയുടെ പ്ലാൻ നടപ്പിലാകുമോ ? നടപ്പാവുകയില്ല എന്ന് നമുക്കൊക്കെ അറിയാം. പിന്നെ എന്തിനാണെന്ന് ചോദിച്ചാൽ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താനാണ്. ഇവിടെ ഞങ്ങൾ റിസോഴ്സ് മൊബിലൈസേഷൻ വളരെ ഗൗരവമായി നടത്തുന്നു എന്നുള്ള ഒരു നാട്യം അവിടെ പോയി കാണിക്കാനാണ്. ഈ നാട്യം കാണിക്കേണ്ട ആവശ്യമൊന്നുമില്ലായിരുന്നു. ഇന്നലെ ധനകാര്യമന്ത്രി തന്നെ അതിന്റെ ഗതികേട് ഇവിടെ ഉന്നയിച്ചു. അവിടെ പോയി നമുക്ക് ന്യായമായി കിട്ടേണ്ടതു തരാതിരിക്കുന്നതിന്റെ അനീതി പറഞ്ഞ് കണക്കു പറഞ്ഞ് വാങ്ങിക്കുന്നതിനുപകരം ഇവിടെ വന്നു ഒരു വശത്ത് ഇന്നിയും പുതിയ പുതിയ നികുതികൾ ഏർപ്പെടുത്തുകയാണ്. അഫിഡവിറ്റ് ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, തൊഴിലാളികൾക്ക് ഈറ ശേഖരിക്കാനുള്ള ഫീസ് ഇതെല്ലാം വർദ്ധിപ്പിക്കുകയാണ്. ഈറ തൊഴിലാളികളിൽ നിന്നും ലൈസൻസ് ഫീസ് ആറ് രൂപ വാങ്ങിക്കുന്നു. കൊപ്രായ്ക്ക് ഏർപ്പെടുത്തുന്നു. ഇഷ്ടിക ചുട്ടെടുക്കുന്നതിന് ഏർപ്പെടുത്തുന്നു. അതേ സമയം തന്നെ കോടിക്കണക്കിനു രൂപ ഒഴുക്കിക്കളയുകയാണ് ; യാതൊരു ആവശ്യവുമില്ലാതെ. പബ്ലിക് സെക്ടർ കമ്പനികളെ നിലനിറുത്താൻ എന്നു പറഞ്ഞിട്ട് , കെട്ടിടം പണിക്ക് എന്നു പറഞ്ഞിട്ട് ശമ്പളത്തിന്, പെട്രോളിന്, റ്റി. എ., ഡി. എ., ടെലിഫോൺകാൾ, എൻറർടൈൻമെൻറ്, ഇൻസ് പെക്ഷൻ ബംഗ്ലാവുണ്ടാക്കൽ, കെട്ടിടം പണിയൽ, പൈപ്പ് വാങ്ങൽ ഇങ്ങനെ നൂറു കൂട്ടം കാര്യത്തിനുവേണ്ടി ചെലവഴിക്കുകയാണ്. ഇക്കണോമി പ്രാക്ടീസ് ചെയ്യാൻ പാടില്ലായിരുന്നോ ? അനാഥാവസ്ഥയിൽ കിടക്കുന്ന റോഡിൽകൂടി ഓടുന്ന വാഹനങ്ങളെ പിടിച്ചുനിറുത്തി പൈസ ഈടാക്കണമോ ? ആവശ്യമുണ്ടോ ? ഇതുകൊണ്ട് പ്ലാൻ വല്ലതും നടപ്പിലാക്കാൻ പോകുന്നുണ്ടോ ? ഇന്നലെ പ്രതിപക്ഷനേതാവ് പ്രസംഗിച്ചപ്പോൾ പറഞ്ഞു കേന്ദ്രത്തിലെ കമ്മി 6,000 കോടി രൂപയായി എന്ന്. ബ്ലാക്ക്മണി പെരുകി വരുന്നു. അതൊന്നും ഇവരെക്കൊണ്ട് നിയന്ത്രിക്കാൻ കഴിയുന്നില്ല. ഇവർക്ക് സാമൂഹ്യവിരുദ്ധമായിട്ട് സാമ്പത്തിക ശക്തി ഉപയോഗിക്കുന്നതിനെയൊന്നും തടയാൻ കഴിയുകയില്ല. സാമാന്യ ജനങ്ങളുടെ തലയിൽ, പാവപ്പെട്ടവന്റെ തലയിൽ കൂടുതൽ കൂടുതൽ ഭാരം കേറുന്നതിന്റെ വളരെ നഗ്നമായ ജുഗുപ്സാവഹമായിട്ടുള്ള ഉദാഹരണമാണ് ഈ ബിൽ. അതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായിട്ട് എതിർക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞ ആശയം കുരുടൻ ആനയെ കണ്ടതുപോലെയാണ്. അദ്ദേഹം ചോദിച്ചത് 22½ കോടി ഇതിൽ കൂടെ വേണമോ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ഇതിൽകൂടെ വേണ്ടല്ലോ, നമുക്ക് സേവിംഗ് നടത്തിയാൽ ഈ എമൗണ്ട് ഉണ്ടാവുകയല്ലേ, പിന്നെ എന്തിനാണിത് എന്നു ചോദിച്ചു. പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരാൾ പറഞ്ഞു ഉറങ്ങാൻ കള്ള് വേറെ വേണമെന്ന്. അതു പോലെ 22½ ഇതിനില്ല. 22½ ക്ക് പുറമേ സേവിംഗ് വേറെ ഉണ്ടാക്കണം. ആയിരം കോടിയിൽ നാനൂറു കോടി വേറെ സേവിംഗ് ഉണ്ടാക്കണം. സേവിംഗിനുള്ള ചാപ്റ്റർ വേറെയാണ്. 600 കോടി രൂപ അഡിഷണൽ റിസോഴ്സ് മൊബിലൈസേഷൻകൂടി ഉണ്ടാക്കിയതിനുശേഷം 400 കോടി വേറെ സേവിംഗ് ഉണ്ടാക്കണം. അത് നമുക്ക് വേറെ ഉണ്ടാക്കണം. ഇതുകൊണ്ട് തികയുകയില്ല. അതുകൊണ്ട് ഈ 22½ യിൽ അല്ല സേവിംഗ്. ഈ 22½ ഉണ്ടാക്കി 600-ൽ കയറണം. 600-ൽ കയറിയിട്ട് പിന്നെ ബാക്കിയുള്ള 400 രൂപാച്ചെലവു ചുരുക്കിക്കൊണ്ട് ഉണ്ടാക്കണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇതുകൊണ്ടൊക്കെ തികഞ്ഞു എന്ന് ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് വിചാരിക്കരുത്. ഇത് ആവശ്യമാണ്.

ശ്രീ. ബേബി ജോൺ : ഇനിയുള്ള എല്ലാ വർഷവും കൂട്ടാൻ തീരുമാനിച്ചോ ?

ശ്രീ. കെ. എം. മാണി : എല്ലാ വർഷവും വേണം. ഈ വർഷം കൊണ്ടു വന്നതുകൊണ്ട് 130 കോടി രൂപ ഉണ്ടാക്കിക്കഴിഞ്ഞു. അടുത്ത വർഷവും ബഡ്ജറ്റ് വരുമ്പോൾ ഉണ്ടാക്കണം. അല്ലെങ്കിൽ വേറെ മാർഗ്ഗം കാണണം. അല്ലെങ്കിൽ കേന്ദ്രഗവൺമെന്റിൽനിന്നും രൂപ കിട്ടണം. കേന്ദ്രഗവൺമെന്റിൽ നിന്നും കൂടുതൽ സഹായം കിട്ടാതെ വരുന്നുവെങ്കിൽ.....

ശ്രീ. ഇ. കെ. നായനാർ : 1100 കോടി രൂപയുണ്ടാക്കാതെ ഒരു പ്ലാനും ഇവിടെ നടക്കുകയില്ല. അതിൽ 22½ കോടി മാത്രം ഈ അണ്ടർവിയറിനും ബനിയനുംകൂടി ഉണ്ടാക്കണം. ഭക്ഷണത്തിനേതു ചുരുക്കിക്കൂടേ ? 1100 ഇല്ലാതെ ഒന്നും അവിടെ നടക്കുകയില്ല.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദേശീയ പദ്ധതിയെപ്പറ്റി ഒന്നു നോക്കണം ഒരു ലക്ഷത്തി എൺപതിനായിരം കോടി രൂപയുടെ വലിപ്പമുള്ള ഔട്ട്ലേയുള്ള ദേശീയ പദ്ധതിക്കുത്തേ ഒരു ലക്ഷത്തി നൽപ്പതിനായിരം കോടിയേ ഉള്ളൂ. ബാക്കി നാൽപ്പതിനായിരം കോടി രൂപ അൺകവേർഡ് ഡെഫിസിറ്റാണ്. അവിടെ അൺകവേർഡ് ഡെഫിസിറ്റ് കിടക്കുമ്പോൾ ആ ദേശീയപദ്ധതിക്കുത്തേ ഒരു സംസ്ഥാന പദ്ധതിക്ക് 1,000 കോടി രൂപയുടെ ഡെഫിസിറ്റ് അഞ്ചു വർഷക്കാലം കൊണ്ട് ഉണ്ട്. This is an imbuilt deficit. അത് ഒരു പ്ലാനിന്റെ അവിഭാജ്യ പ്രതിഭാസമായി ഓരോ കാലഘട്ടത്തിലും വളർന്നുകൊണ്ടിരിക്കുകയാണ്. മാറിനിൽക്കാനൊക്കില്ല. ഇത് ഉണ്ടാക്കിയേതീരൂ. ഉണ്ടാക്കണം. പക്ഷേ അതുകൊണ്ട് തികയുകയില്ല. അതാണ് ഞാൻ പറഞ്ഞത്. ഉറങ്ങണമെങ്കിൽ കള്ളുവേറെ വേണമെന്നു പറയുമ്പോലെ ഇതുകൊണ്ടും തികയുകയില്ല. വേറെയും രൂപ വേണം. അതുകൊണ്ട് ഈ 22½ കോടിയിൽ ഒട്ടും പിടിക്കരുതെന്ന് ബഹുമാനപ്പെട്ട സുരേന്ദ്രനാഥിനോട് പറയാനാഗ്രഹിക്കുകയാണ്. ചെറുതുള്ളി പെരുവെള്ളമെന്നു പറയുന്നതുപോലെ ഇതൊക്കെകൂടി ഉണ്ടാക്കിയാലേ നമ്മുടെ കാര്യം നടക്കുകയുള്ളൂ. അതുകൊണ്ട് ഇതു പാസാക്കിത്തരണം.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ കേരള ധനകാര്യബിൽ അവസാനമായി പാസാക്കിത്തരണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞാൻ പോൾ അവശ്യപ്പെടുന്നു.

താഴെ പറയും പ്രകാരം സഭ വോട്ടുരേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—65

1 ശ്രീ. ഇ. അഹമ്മദ്
2 ,, സി. ടി. അഹമ്മദ് അലി
3 ,, കെ. അവുക്കാദർകുട്ടിനഹ
4 ,, തെന്നല ജി. ബാലകൃഷ്ണപിള്ള
5 ,, പി. കെ. കെ. ബാവ
6 ,, യു. എ. ബീരാൻ
7 ,, ബെന്നി ബെഹനാൻ
8 ,, പി. ഭാസ്കരൻ
9 ,, വി. ദിനകരൻ
10 ,, എം. പി. ഗംഗാധരൻ
11 ,, എ. ജോർജ്ജ്
12 ,, പി. സി. ജോർജ്ജ്
13 ,, കെ. എം. ഹംസക്കുഞ്ഞ്
14 ,, എം. എം. ഹസ്സൻ
15 ,, എ. എൽ. ജേക്കബ്ബ്
16 ,, റവ. എം. ജേക്കബ്ബ്
17 ,, സി. ജി. ജനാർദ്ദനൻ
18 ,, റവ. എസ്. ജോൺ
19 ,, എ. സി. ജോസ്
20 ഡോക്ടർ കെ. സി. ജോസഫ്
21 ,, കെ. സി. ജോസഫ്
22 ,, വി. വി. ജോസഫ്
23 ,, കെ. കെ. നായർ
24 ശ്രീമതി എം. കമലം
25 ശ്രീ. കെ. ജി. ആർ. കർത്താ
26 ,, ജി. കാർത്തികേയൻ
27 ,, പി. കെ. കുഞ്ഞാലിക്കുട്ടി
28 ,, മണിമംഗലത്തു കുട്ട്യാലി
29 ,, ഇ. ജെ. ലൂക്കോസ്
30 ,, കെ. പി. എ. മജീദ്
31 ,, കെ. എം. മാണി
32 ,, എം. വി. മാണി
33 ,, കെ. മുഹമ്മദാലി
34 ,, പി. എ. മുഹമ്മദ് കണ്ണ്
35 ,, ടി. എച്ച്. മുസ്തഫ
36 ,, കെ. എസ് നാരായണൻ നമ്പൂതിര
37 ,, കെ. പി. നൂറുദ്ദീൻ
38 ,, ഉമ്മൻചാണ്ടി
39 ,, സി. വി. പത്മരാജൻ
40 ,, തച്ചടി പ്രഭാകരൻ
41 ,, കെ. രാഘവൻ മാസ്റ്റർ
42 ,, രാഘവൻ പൊഴക്കടപ്പിൽ
43 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
44 ,, എസ്. രാമചന്ദ്രൻ പിള്ള
45 ,, രമേശ് ചെന്നിത്തല
46 ,, തോപ്പിൽ രവി
47 ,, പി. സീതിഹാജി

LIBRARY ARCHIVES Kerala Legislative Assembly

48 ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
49 ,, കടവൂർ ശിവദാസൻ
50 ,, നാലകത്തു സൂപ്പി
51 ,, കെ. കെ. ശ്രീനിവാസൻ
52 ,, എൻ. ശ്രീനിവാസൻ
53 ,, പന്തളം സുധാകരൻ
54 ,, കോട്ടക്കുഴി സുകുമാരൻ
55 ,, സി. എം. സുന്ദരം
56 ,, എൻ. സുന്ദരൻ നാടാർ
57 ,, വി. സുരേന്ദ്രൻപിള്ള
58 ,, പി. പി. തങ്കച്ചൻ
59 ,, സി. എഫ്. തോമസ്
60 ,, കെ. കെ. തോമസ്
61 ,, പി. സി. തോമസ് (തിരുവല്ല)
62 ,, തോമസ് കല്ലംപള്ളി
63 ,, പി. കെ. വേലായുധൻ
64 ,, റ്റി. വി. വിജയരാജൻ
65 ,, എൻ. ശങ്കരൻനാടാർ

പ്രതികൂലിക്കുന്നവർ—56

1 ശ്രീ. ടി. കെ. അബ്ദു
2 ,, പി. എം. അബുബേക്കർ
3 ,, കെ. പി. അരവിന്ദാക്ഷൻ
4 ,, ടി. കെ. അറുമുഖൻ
5 ,, ബേബിജോൺ
6 ,, കോടിയേരി ബാലകൃഷ്ണൻ
7 ,, ഒ. ഭരതൻ
8 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9 ശ്രീ. സി. കെ. ചക്രപാണി
10 ,, കെ. ആർ. ചന്ദ്രമോഹനൻ
11 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12 ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
13 ,, സിറിയക്ക് ജോൺ
14 ശ്രീമതി പി. ദേവൂട്ടി
15 ശ്രീ. കെ. ജെ. ജോർജ്ജ്
16 ശ്രീമതി കെ. ആർ. ഗൗരി
17 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
18 ,, ടി. കെ. ഹംസ
19 ,, കെ. ഇ. ഇസ്മയിൽ
20 ,, എം. ജിനദേവൻ
21 ,, ജോസ് കുറിയാനി
22 ,, ഇ. കെ. നായനാർ
23 ,, വി. സി. കബീർ
24 ,, എം. കെ. കേശവൻ
25 ,, വി. കേശവൻ
26 ,, സി. ടി. കൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

27 ശ്രീ. കെ. കൃഷ്ണൻകുട്ടി
28 ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
29 ,, കെ. ടി. കുമാരൻ
30 ,, പി. കുമാരൻ
31 ,, പി. വി. കുഞ്ഞിക്കണ്ണൻ
32 ,, ലോനപ്പൻ നമ്പാടൻ
33 ,, സി. പി. മൂസ്സാൻകുട്ടി
34 ,, കെ. മൂസ്സക്കുട്ടി
35 ,, എ. കെ. പത്മനാഭൻ
36 ,, ഇ. പത്മനാഭൻ
37 ,, കെ. പങ്കജാക്ഷൻ
38 ,, കെ. പി. പ്രഭാകരൻ
39 ,, വർക്കല രാധാകൃഷ്ണൻ
40 ,, എം. വി. രാഘവൻ
41 ,, വി. കെ. രാജൻ
42 ,, കാനം രാജേന്ദ്രൻ
43 ,, കെ. ശങ്കരനാരായണപിള്ള
44 ,, എ. കെ. ശശീന്ദ്രൻ
45 ,, എ. സി. ഷൺമുഖദാസ്
46 ഡോക്ടർ എ. സുബ്ബറാവു
47 ശ്രീ. സണ്ണി പനവേലിൽ
48 ,, കെ. വി. സുരേന്ദ്രനാഥ്
49 ,, എ. വി. താമരാക്ഷൻ
50 ,, സി. കെ. തങ്കപ്പൻ
51 ,, വി. ജെ. തങ്കപ്പൻ
52 ,, എസ്. ആർ. തങ്കരാജ്
53 ,, പി. സി. തോമസ് (കടുത്തുരുത്തി)
54 ,, ആർ. എസ്. ഉണ്ണി
55 ,, ജി. വരദൻ
56 ,, സി. വാസുദേവമേനോൻ

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല

അനുകൂലിക്കുന്നവർ	65
പ്രതികൂലിക്കുന്നവർ	56
നിഷ്പക്ഷതപാലിക്കുന്നവർ	ആരുമില്ല

പ്രമേയം പാസ്സായതായും ബിൽ അംഗീകരിച്ചതായും പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 ജൂലൈ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.51-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (398) കാണുക]

ആ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ താഴെ പറയുന്നു

1. ലാഭം ഉണ്ടാക്കിയില്ലെങ്കിലും നഷ്ടം വരുത്താത്ത നിലയിൽ കോർപ്പറേഷനും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം.

2. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനല്ലാതെ താൽക്കാലികമോ സ്ഥിരമോ ആയ മറ്റു നിയമനങ്ങളൊന്നും നടത്തേണ്ടതില്ല.

3. ചില ജീവനക്കാർ 'അദർ ഡ്യൂട്ടി' യിൽ കഴിയുന്ന സമ്പ്രദായം ഉടനടി നിറുത്തലാക്കണം. ഇപ്പോൾ 'അദർഡ്യൂട്ടി' യിലുള്ള 1550 ജീവനക്കാരിൽ ശാരീരികമായി അവശരായവരെ പെൻഷൻ നൽകി പിരിച്ചയയ്ക്കുകയും അല്ലാത്ത ജീവനക്കാരെ അവരവരുടെ നിശ്ചിത ജോലി ചെയ്യുന്നതിനു നിയോഗിക്കുകയും ചെയ്യണം. നിശ്ചിത ഡ്യൂട്ടി ചെയ്യാൻ തയ്യാറില്ലാത്തവരെയും പെൻഷൻനൽകി പറഞ്ഞയക്കണം. ഡ്യൂട്ടിക്കിടയിലുണ്ടായ അപകടങ്ങളോ, മറ്റു മാരണങ്ങളോ നിമിത്തം അവശത ബാധിച്ച് ജോലി ചെയ്യാൻ കഴിയാതെ വന്നിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ, ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ അവരുടെ ആശ്രിതർക്ക് അർഹമായ നിയമനം നൽകുന്നതാണ്. എന്നാൽ അത്തരം ജീവനക്കാർ പെൻഷൻ പറ്റുന്ന തീയതി വരെയോ ആശ്രിതർക്ക് നിയമനം ഉണ്ടായിരിക്കുകയുള്ളു. പിന്നീട് അത്തരം ജീവനക്കാർക്ക് മുറപ്രകാരമുള്ള പെൻഷൻ നൽകുന്നതാണ്.

4. ബസ്സ്-സ്റാഫ് റേഷ്യോ ക്രമേണ ഷെഡ്യൂളിന് ഒൻപത് ആക്കുകയും ഏഴാം പദ്ധതി അവസാനിക്കുന്നതിനു മുൻപായി 7.5 എന്ന് ക്രിപ്തപ്പെടുത്തുകയും ചെയ്യുക.

5. കിലോ മീറ്ററിന് 3രൂപ 50 പൈസയിൽ കുറഞ്ഞ വരുമാനമുള്ള സർവ്വീസുകളുടെ കാര്യത്തിൽ പുനഃ പരിശോധന നടത്തണം. അത്തരം സർവ്വീസുകൾ മൂന്നു മാസം കൃത്യമായി ഓടിച്ച്, വരുമാനം നോക്കി ആദായകരമല്ലെങ്കിൽ അവ നിറുത്തലാക്കുകയോ, ഷെഡ്യൂൾ പുനഃസംവിധാനം ചെയ്യുകയോ ചെയ്യണം.

6. പ്രവർത്തി സമയം പാഴാക്കുന്നതു തടയുന്നതിനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടി അവധി ദിവസങ്ങൾ കുറയ്ക്കുകയും എല്ലാ വിഭാഗം ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ ഏകീകരിക്കുകയും ചെയ്യണം.

7. വ്യാവസായിക സംരംഭങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ആധുനിക സമ്പ്രദായത്തിൽ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം. ധനവിനിയോഗത്തിൽ ഒരു ദൈനീക നിയന്ത്രണം ഏർപ്പെടുത്തണം. ഇൻവെന്ററി കൺട്രോൾ മെറ്റീരിയൽ മാനേജ്മെന്റ് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

8. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ആഫീസർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഫോർമാൻ എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 25 ശതമാനം നേരിട്ടുള്ള നിയമനം മുഖേന നികത്തണം. ടി തസ്തികകളിലേക്ക് എക്സിക്യൂട്ടീവ് ട്രെയിനികളെ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി വേണം ഈ നിയമനങ്ങളും നടത്തേണ്ടത്.

9. കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള മരാമത്തുപണികളും പുനരവലോകനം ചെയ്ത് സാമ്പത്തിക ബാദ്ധ്യതകളും പരമാവധി ചുരുങ്ങിയ നിലയിൽ നിറുത്തണം.

10. പത്തു വർഷത്തിൽ കൂടുതൽ പഴക്കംചെന്ന ബസ്സുകൾ വിൽക്കുകയും അങ്ങനെ കിട്ടുന്ന വരുമാനം, കൊടുത്തുതീർക്കാനുള്ള കടം വീടുന്നതിന് വിനിയോഗിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly